Registered No. M-4485 Madras War Review, Malayalam—23-2-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഫിബ്രുവരി 23-ാംനു, വെള്ളിയാഴ്ച [ലക്കം 24



## അവസാനസമരം

ഇരുഭാഗത്തുനിന്നും ശത്രുവിന്നു അന്ത്യനാശം വരുന്ന പ്രഹരങ്ങൾ കിട്ടാറായിരിക്കുന്നു. സർവ്വരംഗങ്ങളിൽനിന്നുമായുള്ള സഖ്യസേനകളുടെ സമരംമൂലം ജർമ്മൻ യുദ്ധം ഇന്നു അന്ത്യദശയിൽ എത്തിച്ചേർന്നിരിക്കുന്നു.

നമുക്കു ഈ യുദ്ധത്തിൽ ജയിക്കാൻ സാദ്ധ്യമല്ലെന്നു തോന്നിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതിയിലാകട്ടെ, നാം ഒരുവിധത്തിലും തോല്ക്കുവാനും വഴിയില്ല.

പൌരസ്ത്യ സമരമുഖത്തു നമ്മുടെ രഷ്യൻ സഖാവിന്നുണ്ടായ നേട്ടങ്ങൾ വിജയം ആസന്നമാക്കിയിരിക്കുന്നു.

—ഫീൽഡ് മാർഷൽ മണ്ട്ഗോമറി, 1945 ഫിബ്രുവരി 18-ാം തിയ്യതി, തന്റെ ഭടന്മാൎക്കയച്ച ഒരു സന്ദേശത്തിൽ.

# ജാപ്പ് "തടവുകപ്പലിലെ" ഭീകരതകൾ

"ഞങ്ങൾക്ക് രണ്ടു ദിവസം കൂടുമ്പോഴൊരിക്കൽ ഒരു കപ്പ് വെള്ളം കിട്ടിയിരുന്നു. 3,500 പേൎക്കുള്ള കക്കൂസിരിപ്പിടങ്ങൾ അഞ്ചെണ്ണം മാത്രമായിരുന്നു. ഇന്ത്യൻ യുദ്ധത്തടവുകാരേക്കാൾ, നന്നായി പണ്ടുകാലത്തു അമേരിക്കയിൽ അടിമകളായ കാപ്പിരികളെ നോക്കിയിരുന്നു. ഉദയസൂൎയ്യന്റെ ഈ കുഞ്ഞുങ്ങൾ വല്ലാത്ത ഒരു കാട്ടുജാതിക്കാരാണ്."

—ലഫ്റ്റനന്റ് വി. കെ. പിള്ളെ, ഐ. എ. എം. സ്., കഴിഞ്ഞ ആഴ്ചയിൽ എഴുതിയ ഒരു കത്തിൽനിന്ന്.
ഇദ്ദേഹം ഈയിടെ രക്ഷപ്പെട്ട ഒരു സൈനികസേവനക്കാരനാണ്.

## നമ്മുടെ കൃത്യം ജാപ്പാൻകാരെ നശിപ്പിക്കൽ

വടക്കൻ ബൎമ്മയിൽനിന്നു ഞങ്ങൾ ജപ്പാൻകാരെ അടിച്ചു പായിക്കുകയും, ചൈനയിലേക്കു കരവഴിയായി സന്ദേശവ്യവസ്ഥകൾ ഏൎപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ചൈനയ്ക്കു കഴിയുന്നത്ര സഹായിക്കുക എന്നതാണ് ഞങ്ങളുടെ പ്രഥമവും പ്രധാനവുമായ ജോലി. ചൈനക്കു നൽകുന്ന ഓരോ വാഹനവും, സാമഗ്രിയും, ജാപ്പുകളെ ആട്ടിത്തുരത്തുന്നതിന്നു സഹായിക്കലാണ്. അതാണു ഞങ്ങളുടെ ജോലി. അതു നിൎവ്വഹിക്കാൻ സാദ്ധ്യമാണെന്നു ഞങ്ങൾ തെളിയിച്ചുകഴിഞ്ഞു.

—ലഫ്റ്റനന്റ് ജനറൽ സുൽത്താൻ, ഡൽഹിയിൽനിന്നു ഫെബ്രുവരി 9-ാം തിയ്യതി ചെയ്ത ഒരു പ്രക്ഷേപിണി പ്രസംഗത്തിൽ.

ബൎമ്മയിലെ ജാപ്പു പ്രതിരോധത്തിന്റെ നട്ടെല്ലു, ഇന്ത്യൻ പട്ടാളം നുറുക്കിക്കളഞ്ഞു.

—സി. എം. ത്രിവേദി, ഇന്ത്യാ ഗവൎമ്മേണ്ടിന്റെ യുദ്ധ സിക്രട്ടറി, ഫെബ്രുവരി 14-ാം തിയ്യതി.

## ജപ്പാനെ പരാജയപ്പെടുത്തുന്നതിന്ന് തൊഴിലാളികളുടെ തീരുമാനം

ജാപ്പാന്നെതിരായ യുദ്ധം, യൂറോപ്യൻ യുദ്ധത്തെപ്പോലെത്തന്നെ ജപ്പാൻ നിരുപാധികമായി കീഴടങ്ങുന്നവരെ അത്ര ഉഗ്രതയോടെതന്നെ തുടരേണ്ടതാണ്.

—1945 ഫെബ്രുവരി 15-ാം തിയ്യതി ലോക തൊഴിലാളി സമ്മേളനത്തിൽ സൎവ്വ സമ്മതമായി അംഗീകരിക്കപ്പെട്ട പ്രമേയം.

# അച്ചുശക്തികൾ—അന്നും ഇന്നും

(ജി. പി. ശങ്കരമംഗലം.)

## ഹിററ്ലർ

### അന്ന്

"ബ്രിട്ടൻതൊട്ടുള്ള നാനാജനതതിയഖിലം
മാമകീയാജ്ഞയാകും-
ചട്ടത്തിൻ ചിട്ടതെററാതനുദിനമവലംബിച്ചു
വൎത്തിച്ചിടേണം,
തപിട്ടേലും 'സ്വസ്തിക'യ്ക്കുള്ളനുപമ മഹിതച്ഛക്തി-
യുല്ലംഘ്യമല്ലെ-
ന്നൊട്ടിപ്പോൾ കാട്ടിയേക്കാം കിട്ടുകിടെവിറ-
യേലട്ടെ സാമ്രാജ്യമെല്ലാം."

### ഇന്ന്

"കാലംമാറിക്കഴിഞ്ഞു, കഠിനകഠിനമാം-
ശത്രുസമ്മൎദ്ദമയ്യോ-
കൂലംകുത്തിഗ്ഗമിക്കും കൊടിയൊരു
നദിപോൽ പാഞ്ഞടുക്കുന്നിതെങ്ങും,
ആലംബം നാസ്സി,യത്യുജ്ജ്വലദഹനനി
തിൽപെട്ടു നട്ടം തിരിഞ്ഞേൻ-
കാലം പേകെന്നുവന്നോ, കരുണയൊരു-
തരിമ്പില്ല സൎവ്വേശനെന്നോ!"

## മുസ്സോലിനി

"എന്നിക്കുൻ 'ഹിററ്ലർ' ചൊല്ലുംപടി, യടരിൽ-
ച്ചേൎന്നു നിന്നാൽ ദിഗന്തം-
വെന്നിട്ടുന്നത്യമേറും പദവിയിലമിതാനന്ദ
മാൎന്നുല്ലസിക്കാം
കുന്നിക്കും ക്രൂസലെന്യേ പലപല ചെറുരാജ്യ-
ങ്ങൾതട്ടിത്തകൎത്താൽ-
വന്ദിക്കും ലോകരെല്ലാം, പരമതിലുയരും
'റോമ' സാമ്രാജ്യസൗധം."

"ഹാ, കഷ്ടം, കൂട്ടുമൂലം ശനിദശപിടിപെ-
ട്ടെന്റെ സൎവ്വസ്വവുംപോ-
യീമട്ടിൽ ദിക്ഷുശൂന്യൻ കരിയിലയതുപോൽ
വീണിതാ കേണിടുന്നു
ആ, ബ്രിട്ടൻ തൊട്ടു കൂട്ടക്കുനവധി വിജയം
നിത്യവും നൽകിടുന്നോൻ-
കൈവിട്ടു നമ്മെ:" നാശോദയസമയമതിൽ ബു
ദ്ധി മാറും പലൎക്കും.

## കൊയിസോ

"ചൈനാ സാമ്രാജ്യലക്ഷ്മീകരതല-
പരിചൎയ്യക്കു ഭാഗ്യം ലഭിച്ചു,
വാനോർ ലോകത്തൊടൊക്കും നിരവധി-
ചെറു രാജ്യങ്ങൾ ശീൎഷംനമിച്ചു:
ഈ നാം, ഭൂനാകമാകും ഭരതധരണി
യുംകൂടെ വെന്നീടിലപ്പോൾ-
വാനോർകോനും നയിക്കും ഭുവനമിതിൽ
നമുക്കാരു നേരിട്ടു നിൽക്കും?"

"മുററും 'മുസ്സോലിനി'ക്കുള്ളൊരു വിഭവത-
യഖിലം നഷ്ടമായ്
'ഹിററ്ലരി'പ്പോൾ ചുററും തിങ്ങുന്ന ശത്രു
പ്പടയുടെ നടുവിൽപ്പെട്ടു വട്ടത്തിലായി.
പററിച്ചു സഖ്യസൈന്യം 'മണിലയി'ൽ; മഴപെ
യ്യുന്നപോൽ, ബാംബുവൎഷം-
തെററിക്കാതനുചരിക്കുന്നരികൾ, പൊടി പെ
ടുന്നിന്നു 'നിപ്പൺ' പ്രതാപം"

സംഭ്രാന്ത്യോൽഭൂത ചിന്താഗതികളിതുവിധം ശത്രുപക്ഷൎക്കുനിത്യം-
സമ്പാദിച്ചേകുമാറുള്ളമിതഭുജബല പ്രൗഢരാം സഖ്യസൈന്യം
സംഭാവൽ ഖ്യാതിപൂൎവ്വം സകലവിജയവും സംവരിച്ചനാഹം ഭൂ-
സംഭാരം സജ്ജനങ്ങൾക്കതിതരസുഖദം സത്വരം നേടിടട്ടേ!!

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ഫിബ്രുവരി 23-ാംനു, വെള്ളിയാഴ്ച


## ജപ്പാന്റെ നില

സഖ്യശക്തികൾക്കു ഈ ആഴ്ചയിൽ അത്ഭുതാവഹങ്ങളായ നേട്ടങ്ങളാണ് കൈവന്നിട്ടുള്ളത്. യാൾട്ടയിൽ ചരിത്രപ്രധാനമായ ആ സമ്മേളനത്തിനുശേഷം ഇരുഭാഗത്തുനിന്നും സഖ്യശക്തികളുടെ അക്രമണങ്ങളായ രണ്ടു ചവണകൾ ജർമ്മനിയെ ഞെക്കിഞെരുക്കുന്നു. വിദൂരപൌരസ്ത്യദേശത്തും വിജയങ്ങൾ തന്നെയാണ് നേടിയിട്ടുള്ളത്.

കഴിഞ്ഞ ആഴ്ചയിൽ, വമ്പിച്ച ഒരു അമേരിക്കൻ പട ജാപ്പു ദ്വീപുകൾക്കു 300 നാഴിക അടുത്തായി സഞ്ചരിച്ചുവരുന്നതായി പ്രസ്താവിക്കപ്പെട്ടു. ജാപ്പാന്റെ ദ്വീപുസാമ്രാജ്യം ബോമ്പു വർഷത്തിന്നു വിധേയമായി. 1,500 വിമാനങ്ങൾ ഈ സമരത്തിൽ പങ്കെടുത്തിരുന്നു. കൂടാതെ ജാപ്പു ദ്വീപിൽനിന്നു 750 നാഴികമാത്രം അകലമുള്ള ഇവോജിമാ ദ്വീപിൽ അമേരിക്കൻ പടകൾ ഇറങ്ങുകയും ചെയ്തിരിക്കുന്നു മാത്രമല്ല, ജനറൽ മക്കാർതർ, ബററാൻ അർദ്ധദ്വീപു കൈവശപ്പെടുത്തിയിരിക്കുന്നു. കൊറിജിഡോർ ആക്രമണത്തിന്നുള്ള നല്ലൊരു താവളമാണിതു്; ആ പ്രഹരം ആരംഭിക്കാറായിതാനും. ബർമ്മയിൽനിന്നും ശത്രു ഓടി ഒളിക്കുന്നു. ആറക്കാൻ കരയിൽ അഞ്ചാമതും, വിജയകരമായ വിധത്തിൽ പടകളിറങ്ങി. മദ്ധ്യബർമ്മയിൽ, എണ്ണസ്ഥലങ്ങൾ കൈപ്പററുന്നതിന്നുള്ള പുരോഗമനം തുടർന്നുവരുന്നു.

എന്നാൽ ജപ്പാന്റെ സ്ഥിതിയോ? അവിടത്തെ ബലഹീനത ദിനംതോറും പ്രത്യക്ഷമായിക്കണ്ടുവരുന്നു. ജാപ്പുയുദ്ധതന്ത്രം മിക്കവാറും ശകലിതമായിത്തുടങ്ങി. വേണ്ടത്ര വിമാനങ്ങളില്ലായ്മ, കപ്പലുകളിലുള്ള കുറവു ഇതെല്ലാം അവരുടെ മനോധൈര്യത്തെ ക്ഷയിപ്പിച്ചുകൊണ്ടു തന്നെവരുന്നു. ശത്രുവിന്റെ ഈ കുറവുകളെല്ലാം തഞ്ചത്തിൽ ഉപയോഗിക്കുന്നതിന്നു സഖ്യസേനകൾ ശ്രമിക്കുന്നു. പാസഫിക്കിലെ ആക്രമണങ്ങളുടെ പ്രാധാന്യം ഇവിടെയാണ്.

ജപ്പാന്റെ കടൽസേനയെന്തായി? ജാപ്പു മെയിൻലാണ്ടുകളെ ആക്രമിക്കുകയാണെങ്കിൽ മാത്രമേ അവ പുറത്തു വരികയുള്ളുവെന്നു കുറച്ചു വർഷങ്ങൾക്കു മുമ്പു ഒരു ജാപ്പു വക്താവു പ്രസ്താവിച്ചു. എന്നാൽ, ഫിലിപ്പൈനിൽ ശത്രുവിന്റെ നാവികസേന സമരത്തിന്നു തന്നെ ഒരുങ്ങി. വമ്പിച്ച നഷ്ടത്തോടെ അമളിപററി പിൻവാങ്ങുകയും ചെയ്തു. ഇപ്പോഴും, അതുതന്നെയാണ് ജാപ്പുകൾ പറയുന്നതു്, ജാപ്പു "അന്തർപ്രദേശ"ങ്ങളിൽവെച്ചു മാത്രമെ എതൃക്കുകയുള്ളുവെന്നു്. ഏതാണാവോ ഈ "അന്തർപ്രദേശം?" ഒരുപക്ഷെ യോക്കഹാമ തുറമുഖം തന്നെയായിരിക്കാം!

കഴിഞ്ഞ കൊല്ലം ഒക്ടോബർ മാസത്തിൽ റൂസ്‌വെൽട്ട് പ്രഖ്യാപിച്ചു, അമേരിക്കയുടെ നാവികശക്തി മററെല്ലാ രാഷ്ട്രങ്ങൾക്കും ഉള്ള നാവികസേനകളുടെ ആകത്തുകയേക്കാൾ അധികമാണെന്നു്. ഇന്നത്തെ സംഭവഗതികൾ ആ പ്രഖ്യാപനം എത്രമാത്രം സാധുവാണെന്നു പ്രായോഗികമായി തെളിയിച്ചിരിക്കുന്നു. റൂസ്‌വെൽട്ട് അന്നു വെറുതെ വെടി പൊട്ടിച്ചതല്ല. വടക്കൻ പാസിഫിക്കിലെ കടലുകളിൽ ആകെയുള്ള കപ്പലുകളുടെ സംഖ്യ എത്രയാണെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഏതാണ്ടു 200 നാഴികയോളം അവ നിരന്നു കിടക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷു നാവികസേനയും ഈ ആക്രമണത്തിൽ ഒരു നല്ല പങ്കു വഹിക്കുന്നുണ്ടെന്നു പണ്ടാരിക്കൽ മി. എ. വി. അലക്സാന്തർ പ്രഖ്യാപിക്കയുണ്ടായി. ഈ വർദ്ധമാനമായ സഖ്യബലം ശത്രുവിനെ വിഷമിപ്പിച്ചിരിക്കുന്നു.

അഡ്മിറൽ നിമിററ്സ് അദ്ദേഹത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് ഗ്വാമിലേക്കു ഈയിടെ മാററിയിരിക്കുന്നു. ഇതിന്നടുത്തു തന്നെയാണ് സൈപ്പണിലെ സൂപ്പർ ഫോർട്രസ്സ് താവളം. ജർമ്മനി രണ്ടു മുനകളിൽ യുദ്ധം ചെയ്യുന്നതിനെ തടയാൻ വളരെ കിണഞ്ഞു ശ്രമിച്ചു. എന്നാൽ ജപ്പാൻ നിരവധി മുനകളിലാണിന്നു പൊരുതേണ്ടിവരുന്നതു്. ചൈന, ബർമ്മ, ഫിലിപ്പൈൻസ്, ന്യൂഗിനിയ, സോളമൺസ്, ന്യൂബ്രിട്ടൻ, ഇവിടങ്ങളൊക്കെയും തന്നെ സമരരംഗങ്ങളാണ്.

ഇപ്പോൾ പശ്ചാത്തപിച്ചിട്ടു യാതൊരു കാര്യവുമില്ല. പേൾ ഹാർബറിൽ അവർ ചെയ്ത ചതി മറക്കപ്പെട്ടിട്ടില്ല; മറക്കപ്പെടുന്നതുമല്ല. ഈ മാസത്തിൽ ജപ്പാന്നെതിരായി ചെയ്ത സമരത്തിൽ സഖ്യസേനകളുടെ ആകത്തുക എടുത്തുനോക്കിയാൽ, ജർമ്മനിയുടെ വഴിക്കു തന്നെ ജാപ്പാനും ഗമിക്കുക എന്നതിന്നു സംശയമില്ല.

# ജപ്പാന്നെതിരായ യുദ്ധം

(എൻ. ദാമോദരൻ)

ഫാസിസ്റ്റ് ജർമ്മനിയുടെ പട്ടാളപരമായ അധഃപതനം ചുവപ്പുസേനയുടെ ഇരച്ചു കയററത്താൽ ത്വരിതപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ജപ്പാനുമായുള്ള സംഖ്യകക്ഷികളുടെ യുദ്ധം ഏതുനിലയിലിരിക്കുന്നു എന്നു അറിയുന്നതിന്നു സ്വാഭാവികമായ ഒരു ജിജ്ഞാസ ജനങ്ങൾക്കുണ്ടാവാം.

പത്രറിപ്പോർട്ടുകളിലൂടെ പല തരത്തിലുള്ള ഔദ്യോഗികവും, അനൌദ്യോഗികവുമായ, പ്രസ്താവനകൾ കഴിഞ്ഞ ഏതാനും മാസങ്ങളോളമായി പുറത്തു വന്നിട്ടുണ്ടു്. ജർമ്മനിയുടെ അടിപുഴങ്ങലിന്നുശേഷം ജപ്പാനെ പരാജയപ്പെടുത്തുന്നതിന്നു് ഒരു കൊല്ലത്തിലധികം വേണ്ടിവരുന്നതല്ലെന്നു് ചില കേന്ദ്രങ്ങളിൽ വിശ്വസിച്ചുവരുന്നുണ്ടു്. എന്നാൽ അമേരിക്കയിലെ ഉദ്യോഗികാനൌദ്യോഗികകേന്ദ്രങ്ങളിലെ പൊതു അഭിപ്രായം ഇതിന്നെതിരാണ്. ജപ്പാന്റെ പട്ടാളപരമായ ശക്തിക്കു ഇതെവരെയായി പറയത്തക്ക കോട്ടമൊന്നും തട്ടിയിട്ടില്ലെന്നും, ജപ്പാന്റെ നാവികശക്തി വമ്പിച്ചതാണെന്നും പൊതുവിൽ വിശ്വസിച്ചുവരുന്നു. തന്മൂലം ജപ്പാനെ പരാജയപ്പെടുത്തുന്നതിന്നു് ഏററവും വമ്പിച്ച യുദ്ധം ആവശ്യമായി വരുമെന്നു വിശ്വസിക്കുവാൻ കാരണങ്ങളുണ്ടു്. പാസഫിക്കിൽ അടുത്ത കാലങ്ങളിലായി സംഖ്യകക്ഷികൾക്കു പല വിജയങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും ഭയാനകങ്ങളായ ഏററുമുട്ടലുകൾ ഇനിയും പ്രതീക്ഷിക്കപ്പെടുന്നുണ്ടു്. ജപ്പാനും തെക്കൻ ദ്വീപുകളും തമ്മിലുള്ള ബന്ധം വേർപ്പെടുത്തുന്ന കാര്യത്തിൽ സംഖ്യകക്ഷികൾ വിജയിച്ചിട്ടുണ്ടെന്നതിന്നു സംശയമില്ല. എന്നാൽ ഫിലിപ്പൈൻസിൽനിന്നു ജപ്പാനെ തികച്ചും അടിപുഴക്കാൻ ബർമ്മയിലെയും, മലയയിലെയും വിജയം അത്യാവശ്യമാണ്. ഇതിന്നും പുറമെ ജപ്പാന്റെ പട്ടാളശക്തിയിൽ ഒരു ഭീമഭാഗം വടക്കൻ ചൈനയിലും, മഞ്ചൂറിയയിലും, ജപ്പാനീസ് ദ്വീപുകളിലും ഉറപ്പിച്ചിട്ടുണ്ടെന്നു വിശ്വസിക്കാൻ ന്യായമുണ്ടു്.

അമേരിക്കൻ നാവികസേന ഈയിടെ ഫിലിപ്പൈനിലെ ഒട്ടു മുക്കാലും ദ്വീപുകൾ കയ്യുശപ്പെടുത്തിയിട്ടുണ്ടു്; ജപ്പാന്റെ നാവികസേനയ്ക്കും വിമാനസേനയ്ക്കും വമ്പിച്ച കോട്ടം തട്ടിച്ചിട്ടുണ്ടു്. എന്നാൽ ഇതുകൊണ്ടൊന്നും ജപ്പാനെ വളരെ എളുപ്പത്തിൽ പരാജയപ്പെടുത്താമെന്നു വിചാരിച്ചുകൂടാ.

കിഴക്കൻ ചൈനയിലെ വിമാനത്താവളങ്ങളുടെ നഷ്ടം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. അതുമൂലം ജപ്പാന്നെതിരായ വൻകിടയിലുള്ള കരവഴിയായ ആക്രമണം എളുപ്പമല്ലാതായിട്ടുണ്ടു്. ബർമ്മയിൽ സംഖ്യകക്ഷികൾക്കു ഇതിന്നു് വേണ്ടത്ര അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷെ വടക്കൻ ബർമ്മ താമസിയാതെ സ്വതന്ത്രമാക്കപ്പെടുമെന്നു വിചാരിക്കാൻ വഴി കാണുന്നുണ്ടു്. ബർമ്മയുടെ തെക്കു ഭാഗത്തിൽനിന്നു ജപ്പാനെ തുരത്തുന്നതുവരെക്കും വടക്കൻ ബർമ്മക്കു ജപ്പാൻ ഒരു ഭീഷണിയായി നിലനില്ക്കും. തെക്കൻ ബർമ്മയിൽനിന്നു ജപ്പാൻ സ്വമേധയാ ഒഴിയുമെന്നു വിചാരിച്ചുകൂടാ. വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടി അവിടെ വെച്ചു അവർ ഒരു ഭീമസമരം നടത്തുമെന്നുതന്നെയാണു അമേരിക്കൻ കേന്ദ്രങ്ങളിൽനിന്നു പുറപ്പെടുന്ന അഭിപ്രായവും.

ഇന്ത്യയെ അടിസ്ഥാനമാക്കി ചൈനയിൽനിന്നു ജപ്പാന്നെതിരായി ഒരു വൻകിടയിലുള്ള കരമാർഗ്ഗമായ ആക്രമണത്തിന്നുള്ള ഉപാധികളും ഇന്നു് ഉണ്ടെന്നു പറഞ്ഞുകൂടാ. ഒന്നാമതായി അതിന്നു വമ്പിച്ച ആയുധസജ്ജീകരണങ്ങൾ ചൈനക്കു കിട്ടേണ്ടതായിട്ടുണ്ടു്. അത്തരം ആയുധങ്ങൾ ഒരു ചുരുങ്ങിയ സമയംകൊണ്ടു ലഭിക്കുന്നതിന്നുള്ള സാദ്ധ്യത ഇപ്പോൾ അധികരിച്ചിട്ടുണ്ടു.

സോവിയററ് റഷ്യയുടെ നിലയെപ്പററിയും പല തെററിദ്ധാരണകളുമുണ്ടു്. റഷ്യ ജപ്പാന്നെതിരായ യുദ്ധത്തിൽ അത്രയൊന്നു താല്പര്യം കാണിക്കുന്നില്ലെന്നു് ചില കേന്ദ്രങ്ങൾ വിശ്വസിക്കുന്നു. ഇതു തികച്ചു തെററാണ്. കഴിഞ്ഞ റഷ്യൻ വിപ്ലവദിനം സംബന്ധിച്ചു മാർഷൽ സ്റ്റാലിൻ ചെയ്ത പ്രസംഗത്തിൽ ജപ്പാൻ ഒരാക്രമണരാജ്യ (Aggressive Nation) മാണെന്നു തുറന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. ആക്രമണത്തെ എതൃക്കുകയെന്നതുസോവിയററ് വിദേശനയത്തിന്റെ കൂടപ്പിറപ്പാണ്. ഇപ്പോഴിതാ സ്റ്റാലിൻ–ചർച്ചിൽ–റൂസ്‌വൽട്ട് സമ്മേളനത്തിന്നുശേഷം അമേരിക്കൻ കേന്ദ്രങ്ങളിൽനിന്നുകൂടി സോവിയററ് റഷ്യ ജപ്പാന്നെതിരായ യുദ്ധത്തിൽ പങ്കെടുക്കുമെന്നുള്ള റിപ്പോർട്ടുകൾ പ്രചരിച്ചു തുടങ്ങിയിരിക്കുന്നു.

എന്നാൽ റഷ്യയെ സംബന്ധിച്ചു ഇതിന്നു ചില വിഷമങ്ങളുണ്ടെന്നതു വാസ്തവമാണ്. ജർമ്മനിയുമായി, ചരിത്രത്തിലുണ്ടാവാത്തവിധം അത്ര ഭയങ്കരമായ ഒരു യുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ള സോവിയററ് റഷ്യക്കു ഒരേസമയത്തു അതും ഒരായിരത്തിൽ പരം നാഴിക വിട്ടുകിടക്കുന്ന രണ്ടു യുദ്ധമുന്നണികളെ വിജയപ്രദമായവിധം നയിക്കപ്പെടുക എന്നതു അശാസ്ത്യമല്ലാത്തതുകൊണ്ടുമാത്രമാണ്.

ജപ്പാനെ എളുപ്പത്തിൽ പരാജയപ്പെടുത്തുന്നതിന്നു് സോവിയററ് റഷ്യയുടെ സഹായം അത്യാവശ്യമാണ്. അമേരിക്കയുടെ കയ്യുശമുള്ള ആകാശസൈന്യത്തെ ജപ്പാന്നെതിരായി ഫലപ്രദമാംവിധം ഉപയോഗിക്കുന്നതിന്നു് റഷ്യൻ അധീനത്തിലുള്ള വിമാനത്താവളങ്ങൾ വളരെ ഉപകരിക്കും. സൈബീരിയൻ അതിർത്തിയിൽനിന്നു് മറേറതൊരു സ്ഥലത്തേക്കാൾ എളുപ്പത്തിൽ ജപ്പാന്റെ സൈനിക സംരംഭങ്ങളെ തകർക്കാൻ കഴിയും. പക്ഷെ, ഏററവും ചെറിയ ഒരു കാരണത്തിന്മേൽ റഷ്യയെ ആക്രമിക്കാൻ മഞ്ചൂറിയൻ അതിർത്തിയിലും മററും താവളമുറപ്പിച്ചിട്ടുള്ള ജപ്പാന്നു ഒരവസരം കൊടുത്തു് ഒരേസമയത്തു വമ്പിച്ച രണ്ടു ഭാരങ്ങൾ ഏറെറടുക്കുന്നതിൽ സ്റ്റാലിന്നു് വൈമനസ്യമുണ്ടെങ്കിൽ അതു സംഖ്യകക്ഷികൾക്കും ജനാധിപത്യതത്വത്തിന്നു നല്ലതുമാത്രമാണ്.

ജർമ്മനിയുടെ പരാജയവും അതിനെ തുടരുന്ന യൂറോപ്യൻ കുഴപ്പത്തിന്നറുതിയും വരുത്തിയാൽ പിന്നെ 'ആക്രമണ രാജ്യമായ ജപ്പാനേ' പരാജയപ്പെടുത്താൻ സോവിയററ് റഷ്യ മുന്നിട്ടു മെന്നു നമുക്കാശിക്കുക.

## ആഴ്ചക്കുറിപ്പുകൾ

### മൺട്ഗോമറിയുടെ പുതിയ ആക്രമണം

കുഴഞ്ഞുയഞ്ഞ വാക്കുകൾ പറയുന്ന ഒരാളല്ല ഫീൽഡ്മാർഷൽ മൺട്ഗോമറി. അദ്ദേഹം വളരെ കാര്യമായെ പറയുക പതിവുള്ളു. അദ്ദേഹമാണ് റോമലിനെ തോല്പിച്ചതു്; റൺഡ്സ്റ്റെഡിനേയും അദ്ദേഹം സമർത്ഥതയോടെ തോല്പിച്ചു. മൺട്ഗോമറി ഒരു സമരകുതുകിയാണ്.

അദ്ദേഹം റൈൻലാണ്ടിനെയാണ് ഇപ്പോൾ ആക്രമിച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ പിന്നണിയിൽ ജനറൽ പാററൻ തുടങ്ങിയവരുടെ സേനകളും ഉണ്ടു്. ജർമ്മൻകാർ പണ്ടു കാണിച്ചിരുന്ന പരാക്രമങ്ങളെല്ലാം വൃഥാവിലായി. ഇ പ്രാവശ്യം ജർമ്മൻകാരെ അത്യധികം ബാധിക്കുന്ന ഒന്നായിരിക്കും ഈ ആക്രമണം.

### ക്രിമിയൻ സമ്മേളനത്തെപ്പററി കൂടുതൽ വിവരങ്ങൾ

ജർമ്മനിയെ പരാജയപ്പെടുത്തുന്നതിനുള്ള സമരതന്ത്രങ്ങളെപ്പററിയും, ദീർഘാലോചനയ്ക്കു ശേഷം 'ത്രിമൂർത്തി'കൾ ചില തീരുമാനങ്ങളെല്ലാം ചെയ്തിട്ടുണ്ടു്. അവയെപ്പററി വളരെയധികം ഊഹാപോഹങ്ങളും അനുമാനങ്ങളുമുണ്ടായി. "കിഴക്ക്, തെക്ക്, പടിഞ്ഞാറു, വടക്കു" ഇങ്ങിനെ നാലു ദിക്കിൽനിന്നും സഖ്യസേനകൾ ഒരേ സമയത്തു കൂടുതൽ ബലത്തിൽ ജർമ്മനിയെ പ്രഹരിക്കണമെന്നതാണ് ആ തീരുമാനത്തിലെ പ്രധാനവശ്യം. ഇതു കേൾക്കുമ്പോൾ തീർച്ചയായും ജർമ്മൻകൾക്കു പരിഭ്രാന്തിയുണ്ടാവും.

### റഷ്യൻ പുരോഗതി

സെലീഷ്യ ജർമ്മനിയിലെ ഒരു പ്രധാനപ്പെട്ട വ്യവസായികപ്രദേശമാണ്. റൂറിനെപ്പോലെതന്നെ ജർമ്മൻ സാമ്പത്തികജീവിതത്തിൽ ഒരു വമ്പിച്ച സ്ഥാനം ഇതിന്നുമുണ്ടു്. ഡ്രഡ്സണിലേയ്ക്കുള്ള കൊണീഫിൻെറ പുരോയാനം നിമിത്തം ഈ സമ്പൽസ്സമൃദ്ധമായ പ്രദേശം ജർമ്മനിക്കു നഷ്ടപ്പെടുന്നതായിരിക്കും. ഷുക്കോവും, റോസ്സ്ക്കോവസ്കിയും സ്റ്റെററിനിലേക്ക് ഇരച്ചുകയറുന്നു.

രണ്ടിടത്തു റഷ്യൻ സേന ഓഡർനദി മുറിച്ചു കടന്നിരിക്കുന്നു. ഈ ഭീമമായ യുദ്ധതന്ത്രം യുദ്ധകുതുകിയായ ഹിററ്ലറേയും ആയാളുടെ കൂട്ടുകാരേയും അത്രമാത്രം പരിഭ്രമിച്ചിരിക്കുന്നു.

### ആറക്കാനിൽ വീണ്ടും പടയിറക്കം

അക്യാബിൻെറ 65 നാഴിക അകലെയായി വീണ്ടും ഒരു പടയിറക്കം ഉണ്ടായിരിക്കുന്നു. അക്യാബിന്നും റാമീക്കും ഇടയിലുള്ള ഈ കടൽക്കര ചെറുദ്വീപുകളും, കാടുകളും, അരുവികളും നിറഞ്ഞ ഒരു ഇടമാണ്. ഐരാവതിയിൽ രണ്ടിടത്തു സഖ്യസേനകൾ കടന്നുകഴിഞ്ഞു. മാണ്ഡലേയ്ക്കരികിൽ പടകളെത്തുകയും ആ നഗരത്തെ "ബ്ലോക്കേഡ്" ചെയ്യുകയും ചെയ്തിരിക്കുന്നു. ഐരാവതിയിലൂടെയുള്ള സഖ്യസേനകളുടെ പുരോഗമനം യനാങ്ങ്യാങ്ങിലുള്ള എണ്ണഖനികളെ ലക്ഷ്യംവെച്ചാണ്. വളരെയധികം താമസിക്കാതെതന്നെ അതിന്നു സഖ്യസേനകൾക്കു സാദ്ധ്യമാവുകയും ചെയ്യും. ഐരാവതിയിൽ രണ്ടു സ്ഥലങ്ങളിലും ആറക്കാനിലും ഉള്ള പുരോഗമനം യുദ്ധഗതിയെ ത്വരിതമാക്കിയിട്ടുണ്ടു്. ജപ്പാൻകാർ സർവ്വരംഗങ്ങളിലും കിണഞ്ഞെതിർക്കുന്നുണ്ടെങ്കിലും, അവരെ പിന്നോക്കംതന്നേ പായിച്ചുവരുന്നു. "നാം ജപ്പാനെ പായിച്ചുവരുന്നു" ഇന്ത്യയിലെ സർവ്വസൈന്യാധിപൻ ഈയിടെ കൌൺസിൽ ഓഫ് സ്റ്റേററിൽ പ്രസ്താവിച്ചു: "ആറാക്കാൻ കരയിൽ നാം ജപ്പാൻകാരെക്കാൾ മിടുക്കന്മാരാണെന്നു തെളിയിച്ചു. കടലിലും, കരയിലും, ആകാശത്തിലും നിന്ന് പൊരുതി ജപ്പാൻകാർ എടുക്കുന്ന ഏതു കതന്ത്രങ്ങളേയും ചെറുത്തുപരാജയപ്പെടുത്താൻ സാധിക്കുമെന്നും നമ്മൾ തെളിയിച്ചു."

### ചില പ്രധാന പ്രസ്താവനകൾ

ഇന്ത്യയിലെ കേന്ദ്രനിയമസഭയിൽ ഈയിടെ പല പ്രധാനമായ വാദപ്രതിവാദങ്ങളും ഉണ്ടായിട്ടുണ്ടു്. ഫിബ്രുവരി 4-ാംനു യുദ്ധകാര്യമന്ത്രി മി. സി.എ.ത്രിവേദി, ഡബ്ല്യു.എ.സി. (ഐ.)പ്പററി പ്രസ്താവിച്ചതു് അതിൽവെച്ചു ഏററവും പ്രധാനമായ ഒന്നത്രെ. ആകെ ഈ വകുപ്പിലുള്ളതു് 1,411 ഇന്ത്യക്കാരും, 2,210 യൂറോപ്യന്മാരും, 3,659 ആംഗ്ലോഇന്ത്യൻസും, 2,079 ഇന്ത്യൻ ക്രസ്ത്യരുമടക്കം 10,046 പേരാണെന്നാണ്. ഫിബ്രുവരി 19-ാംനു എല്ലാ രംഗങ്ങളിലുമായി മുറിപ്പെട്ടവരും മരിച്ചവരുമായ ഇന്ത്യൻ ഭടന്മാരുടെ കണക്ക് 151,856 ആണെന്നും അദ്ദേഹം പറഞ്ഞു. ഇതിൽ 17,363 പേർ മരിക്കുകയും, 45,916 പേർക്കു മുറിപ്പെടുകയും, 13,543 പേരെ കാണാതാകുകയും, 52,998 യുദ്ധത്തടവുകാരുമാണ്. യുദ്ധാനന്തരം ജർമ്മനിയിലും ഒരു വലിയ വിഭാഗം ഇന്ത്യക്കാർ യുദ്ധത്തടവുകാരായിട്ടുണ്ടെന്നു അറിയും.

### ജനറൽ ചെർണിയാക്കോവിസ്കി

കഠിനമായ മുറിവുകളേററു ഈ ജനറൽ നിര്യാതനായ വിവരം പത്രങ്ങൾ ഈയിടെ പ്രസ്താവിച്ചിരിക്കുന്നു. ലോകത്തിലെ ഫാസിസ്റ്റു വിരോധികളെ മുഴവനുംതന്നെ വേദനിപ്പിക്കുന്ന ഒരു വാർത്തയാണിതു്.

ലോകത്തിലെ ഏററവും ചെറുപ്പക്കാരനായ ഒരു ജനറൽ, ചെർനിയാകോവിസ്കിയാണ്. രണ്ടാം ലോകമഹായുദ്ധത്തിലെ മികച്ച പടത്തലവന്മാരിൽ ഒരാളായി ഇദ്ദേഹത്തെ ഗണിക്കപ്പെട്ടുവരുന്നു. റഷ്യയിലെ എല്ലാ വീടുകളിലും ഈ ജനറലിൻെറ പേർ സുരചിതമാണ്. പൊതുജനങ്ങളുടെ കണ്ണിലുണ്ണിയാണ് ചെർനിയാകോവിസ്കി.

സോവിയററു നാട്ടിലെ പേരുകേട്ട ഈ സമരതന്ത്രവിദഗ്ദ്ധന്നു 36 വയസ്സുമാത്രമേ ആയിട്ടുള്ളു. ഈസ്റ്റു പ്രഷ്യയിലേക്കുള്ള പടകളെ നയിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ പടകൾ ഈസ്റ്റുപ്രഷ്യയുടെ തലസ്ഥാനമായ കോനിസ്സ്ബർഗ്ഗ് പിടിച്ചടക്കി. കീവിനെ തിരികെപിടിച്ച ആ സമരം നയിച്ചതു് ഇദ്ദേഹമാണ്.

ഉക്രേനിയയിലെ ഒരു റെയിൽവെത്തൊഴിലാളിയുടെ മകനാണ് പരേതനായ ജനറൽ. അസാധാരണമായ സാമർത്ഥ്യം, അദ്ധ്വാനശീലം, നിരീക്ഷണപാടവം എന്നീ ഗുണങ്ങളാൽ ഇദ്ദേഹം തൻെറ സൈനികജീവിതത്തിൽ പടിപടിയായി ഉയർന്നു ഇക്കൊല്ലം ഒരു ജനറലായി.


വിൽനയിൽവെച്ചു രാജകീയമായ വിധത്തിൽ ജനറലിൻെറ ശവം സംസ്കരിക്കപ്പെട്ടു. അദ്ദേഹം ഇയ്യിടെ സ്വതന്ത്രമാക്കിയ ലിത്വേനിയയുടെ തലസ്ഥാന നഗരമാണ് വിൽന. അദ്ദേഹത്തിൻെറ ഒരു സ്മാരകം ഈ നഗരത്തിൽ താമസിയാതെ നിർമ്മിക്കപ്പെടുന്നതായിരിക്കുമത്രെ.


### ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ കടലാസിൻെറ ഒരുവശം മാത്രം എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിന്നു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

(പത്രാധിപർ)

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## ഒരഭ്യർത്ഥന

സർ,

'യുദ്ധസഞ്ചിക' ഇന്നു നടന്നുവരുന്ന ഫാസിസ്റ്റ് വിരോധയുദ്ധത്തിൻെറ വിജയപരമായ പര്യവസാനത്തിന്നു് സഹായകമായിതീരുന്നുണ്ടെന്നു സമ്മതിക്കുന്നതോടൊപ്പം, പ്രായോഗികമെന്നു തോന്നുന്ന ചില നിർദ്ദേശങ്ങൾക്കൂടി പ്രസ്താവിക്കുവാനുള്ള സ്വാതന്ത്ര്യമെടുക്കട്ടെ.

ഒന്നാമതായി ഒരു പത്രത്തിന്നു വലതരക്കാരും ചിന്താരീതിക്കാരുമായ വായനക്കാരെ തൃപ്തിപ്പെടുത്തുക എന്ന അതിപ്രധാനമായ ഒരു ബാദ്ധ്യത ഉണ്ടെന്നുള്ളതു് നിർവ്വിവാദമാണ്. എന്നാൽ അതിന്നു ചില പ്രതിബന്ധങ്ങളുണ്ടെന്നു തീർച്ച തന്നെ. എങ്കിലും കഴിവുള്ളത്ര ഈ കാര്യത്തിൽ മുന്നോട്ടുപോകുന്നതാവശ്യമാണ്.. പത്രപാരായണംകൊണ്ടു ഒരു മനുഷ്യന്നു സിദ്ധിക്കാവുന്ന വിദ്യാഭ്യാസപരമായ നേട്ടങ്ങളെ ഈ പ്രതിബന്ധങ്ങളുടെ പേരിൽ തടഞ്ഞുനിർത്തിക്കൂടാ. കല, സാഹിത്യം, സംസ്കാരം, വിവിധതരത്തിലുള്ള സിദ്ധാന്തങ്ങൾ എന്നിവ അറിയാനും അറിയിക്കാനും ഒരു പത്രത്തിന്നു വളരെയധികം സാധിക്കും, സാധിക്കേണ്ടതുമാണ്.

നാം ഇന്നു ഒരു ഭയങ്കരമായ സമരദശയിലൂടെ മുന്നോട്ടു പോവുകയാണ്. നമ്മുടെ സമരത്തിൻെറ വിജയം സമുദായത്തിൻെറ വിജയമാണല്ലൊ! അതിലേക്ക് സമുദായത്തിൻെറ സാംസ്കാരികാഭിവൃദ്ധിക്ക് നമ്മുടെ 'സമരകാലപത്ര'ത്തിന് സാധിക്കുമെങ്കിൽ അതൊരു വമ്പിച്ച നേട്ടമല്ലെ? 'യുദ്ധസഞ്ചിക' മാത്രം വായിക്കുവാൻ സൌകര്യം കിട്ടുന്ന ഒരു സാധാരണ ഭടന്നു്, ആയാൾ എന്തിന്ന്‌വേണ്ടി യുദ്ധം ചെയ്യുന്നു, ആർക്കുവേണ്ടി യുദ്ധം ചെയ്യുന്നു, യുദ്ധാനന്തരമുള്ള വിജയം ഏതു നിലക്കായിരിക്കും, തങ്ങളും തങ്ങളെപോലെ കഷ്ടപ്പെടുന്ന സഖാക്കളും യുദ്ധാനന്തരം എങ്ങിനെ ജീവിക്കും, സമുദായത്തിൻെറ പൊതുവിലുള്ള നില എന്തായിരിക്കും ഇവയെല്ലാം മനസ്സിലാക്കുന്നതിന്നും ഒരുപക്ഷെ, അക്ഷരജ്ഞാനംപോലുമില്ലാത്ത കൂട്ടുകാരെ മനസ്സിലാക്കിക്കുന്നതിന്നും, അങ്ങിനെ തങ്ങളുടെ ചുമതല ശരിക്കു മനസ്സിലാക്കുകയെന്ന ശാസ്ത്രീയരീതി സ്വീകരിക്കുന്നതിന്നും സഹായകമാവേണ്ടതാണ്. യാന്ത്രികമായ ഒരു യുദ്ധമനോഭാവത്തേക്കാൾ ശാസ്ത്രീയമായ ഒരു യുദ്ധമനോഭാവമാണ് ഉൽകൃഷ്ടം.

ലേഖകന്മാരും ഈ കാര്യത്തിൽ ശ്രദ്ധിക്കുന്ന പക്ഷം കൂടുതൽ നന്ന്. കുറേയധികം കവിതകൾ പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ടു്, അതും രീതിമാത്രം മാററി ഓരേ ആശയത്തെ പുനഃപ്രാവശ്യം പറയുന്നതിനേക്കാൾ പറയാതിരിക്കയാണ നല്ലതു്. അതു വായനക്കാരെ ആകർഷിക്കയില്ല തന്നെ. ഗദ്യലേഖനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതാവശ്യമാണ്. പട്ടാളക്കാരനെപ്പററി മാത്രമുള്ള കവിതയല്ല സമരസാഹിത്യം. യുദ്ധത്തിൻേറയും അതിലുൾക്കൊള്ളുന്ന നാനാവിധത്തിലുള്ള സാമൂഹ്യാഭിലാഷങ്ങളേയും വായനക്കാരിഷ്ടപ്പെടും.

ഉദാഹരണമായി നമുക്കു മലബാർ ജില്ലയിൽ ഈയ്യിടെ നടപ്പാക്കിയ റേഷൻ സമ്പ്രദായത്തെ വിജയിപ്പിക്കുക, കരിഞ്ചന്തയെ എതിർക്കുക, തുടങ്ങിയ പല സംഭവങ്ങളേയും നല്ല കവിതയിൽക്കൂടി ജനങ്ങളെ ഉൽബോധിപ്പിക്കുകയാണെങ്കിൽ അതെത്ര ആകർഷകമാണ്; വമ്പിച്ച സമുദായസേവനമാണ് മി. ശങ്കരമംഗലം തുടങ്ങിയ യുദ്ധസഞ്ചികയിലെ നിത്യലേഖകന്മാർ ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

ചെറുകഥകൾ വളരെയധികം കാണാറില്ല. ഞാൻ മുകളിൽ പറഞ്ഞ സംഗതികളെപ്പററിയുള്ള 'ചെറുകഥകൾ' 'ഏകാങ്കനാടകങ്ങൾ' ഇതെല്ലാം നമുക്കാവശ്യമല്ലെ?

## കൊടുങ്കാററ്

(എം. ഗോവിന്ദൻ-)

(കേക)

പേടിയാണ്ടൊളിയ്ക്കട്ടേ
    പഴമപ്പിശാചുക്കൾ
നാടെങ്ങുമലയടി-
    ച്ചാർത്താലും കൊടുങ്കാറേറ,
പാരിതിൽപ്പാരം പരി-
    വർത്തനം പരത്തീടാൻ
പാരിച്ച തീക്ഷ്ണതമാ-
    ന്നടിയ്ക്കൂ തെരുതെരേ!
മർത്ത്യനെ കെട്ടിയിട്ട
    ചങ്ങലക്കെട്ടെല്ലാമേ
പൊട്ടട്ടെ, തെറിയ്ക്കട്ടേ,
    തുരുങ്ങിച്ചിതറട്ടേ;
രാഷ്ട്രത്തിൻ വികാസത്തെ
    വിഘ്നപ്പെടുത്തിയ്ക്കും തത്വ-
മൊക്കേയും തരിപ്പണ-
    മാകട്ടേ, തകരട്ടേ;
സമുദായത്തെ ഞെക്കി-
    ക്കൊല്ലു മത്താല്പര്യങ്ങൾ
സകലം വിറകൊണ്ടു
    വിളറിപ്പാഞ്ഞീടട്ടേ;
ഫാസിസം വെന്തവെണ്ണീർ
    കൂടിയും ഭൂവിൽനിന്നീ-
ഭീകരപ്രചണ്ഡമാം
    മാരുതൻ വിഴുങ്ങട്ടെ....!

II

പതറിപ്പുളച്ചേവം
    പായുമിക്കൊടുങ്കാററിൽ
പഴമക്കൂമ്പാരങ്ങൾ
    പഞ്ഞിപോൽ പാറിപ്പോകെ,
ഉയരെ, യുള്ളിൽ ഗർവ്വം-
    തങ്ങുന്ന കുന്നിൻനിര-
യുതിരും, വീഴും താഴെ
    മാമ്പഴംപോലെങ്ങെങ്ങും!
പുതുതാം ലോകത്തിൻെറ
    സന്ദേശമേന്തിച്ചെല്ലു-
മതിനുണ്ടത്രേയ്ക്കേറെ-
    യുഗ്രമാമുന്മാദങ്ങൾ!

III

വെമ്പുക, വെറുപ്പോടെ
    വെമ്പുക, നാടൊട്ടുക്കും
വെമ്പുക കൊടുങ്കാറേറ,
    നർത്തനം ചെയ്യാനായ് നീ!
പഴമപ്പിശാചുക്കൾ
    പേടിയാണ്ടൊളിയ്ക്കട്ടേ-
യഴകിൽപ്പുത്തൻരീതി
    പൂക്കട്ടെ മന്നിൻ തോപ്പിൽ!
നിശ്ചലം, നിരുന്മേഷം
    നിൽക്കുമിജ്ജഗത്തിൻെറ
ഹൃത്തടത്തിങ്കലോള-
    മോളങ്ങളിളക്കുവാൻ,
പോരിങ്കലെരിപൊരി-
    ക്കൊണ്ടേറെ രക്തംചൊരി-
ഞ്ഞീടിന മനുഷ്യത-
    യ്ക്കാശ്വാസം നൽകീടുവാൻ,
നാളത്തെ നവ്യലോക-
    സൃഷ്ടിയെയെതിർത്തീടു-
മാളുകൾക്കെല്ലാം വേണ്ട
    ശിക്ഷകൾ വിധിച്ചീടാൻ
നാടെങ്ങുമലയടി-
    ച്ചാർത്താലും കൊടുങ്കാറേറ,
നാകശാന്തിയെ നാട്ടിൽ
    നാട്ടുവാൻ, നിലനിർത്താൻ!
പേടിയാണ്ടൊളിയ്ക്കട്ടേ
    പഴമപ്പിശാചുക്ക-
ളോടിവന്നാലും പരി-
    വർത്തനക്കൊടുംകാറേറ....!!

'യുദ്ധസഞ്ചിക' ഒരു സൌജന്യപത്രമായതുകൊണ്ടു അതിൽ ലേഖനങ്ങളെഴുതുന്നതു് ചിലർക്കു ഒരു പോരായ്മയായി തോന്നുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. (ഒരു വായനക്കാരൻ)

## സമാധാന ഹസ്തം!




ജാപ്പു വിദേശമന്ത്രി പ്രസ്താവിക്കയുണ്ടായി "സമാധാനം നൽകുന്ന ആ ഹസ്തത്തെ ജാപ്പാൻ ത്യജിക്കയില്ല" എന്ന്—നോക്കൂ, ജപ്പാന്റെ ആ രക്തപങ്കിലമായ കൈ :

# മിത്ഥ്യാബോധം

(കെ. സി. കെ. പണിക്കർ)

ഗ്രാമീണൻ :

എന്തെന്തു ? ജാപ്പാൻ നമുക്കായിട്ടിപ്പൊഴ-
തിന്ത്യയെ കൈവശമാക്കുമത്രേ !

കവി :

കഷ്ടം ! സുഹൃത്തേ, നീ തെറ്റിദ്ധരിച്ചു പോയ്-
ദുഷ്ടന്മാർ ചെയ്യും പ്രചാരം മൂലം !
തുഷ്ടിയുണ്ടാമോ നമുക്കവരെത്തുകി
ലിഷ്ടന്മാരല്ലാ മൃഗീയവർഗ്ഗം ?

ഗ്രാമീണൻ :

കള്ളത്തരം ചൊല്ലി നമ്മളെ വഞ്ചിപ്പാ-
നുള്ളതാണി പ്രചാരങ്ങളെന്നോ ?
കേൾപ്പൂ ഞാൻ സിദ്ധാർത്ഥശിഷ്യന്മാരെന്നവർ,
അല്പവും സത്യം വെടിഞ്ഞിടാത്തോർ.

കവി :

അത്ഭുതം തന്നെനിന്നജ്ഞത, ജപ്പാന്റെ
ദുഷ്പ്രചാരങ്ങൾക്കടിമയായ് നീ !
വിജ്ഞാന സിദ്ധനാം സിദ്ധാർത്ഥ സിദ്ധാന്ത-
മഞ്ജരി ജാപ്പുകൾക്കെന്തറിയും ?
ഇല്ലതിൽ തെല്ലുമേ, ഹിംസയ്ക്കുസ്ഥാന, മ-
ങ്ങില്ലതിലീവിധം യുദ്ധചര്യ.
ചൊല്ലുന്നു, "പാപം, പരപീഡനം പരം"-
ചൊല്ലല്ലൊഴും ബുദ്ധൻ, മഹാമുനീന്ദ്രൻ.
സ്നേഹമാണെൻ സഖേ, യെങ്ങുമാദിവ്യനിൽ;
ആഹവോത്സാഹിയല്ലായതീന്ദ്രൻ !
അദ്ദിവ്യതാരക ജ്യോതിസ്സൊഴുകുന്നു
മുഗ്ദ്ധസമത്വ സന്ദേശമെങ്ങും.
ജന്തുക്കളെപ്പച്ചതിന്നു മീജപ്പാൻതൻ
സിദ്ധാന്തമേതു സിദ്ധാർത്ഥതത്വം ?

ഗ്രാമീണൻ :

ബുദ്ധമതക്കാരീ ജാപ്പാൻകാരെന്നത-
ബദ്ധമാണെന്നോ പറവൂ നിങ്ങൾ ?

കവി :

ബുദ്ധമതക്കാർപോൽ ജപ്പാൻകാർ ! മർത്ത്യരെ-
നിത്യം കശാപ്പുചെയ്യുന്ന ക്രൂരർ !
രാജ്യം പിടിക്കുവാൻ, കൊള്ളയടിച്ചു സാ-
മ്രാജ്യം പുലർത്തുവാൻ നോക്കിടുന്നോർ
ബുദ്ധമതക്കാർ പോൽ ! അത്യാഗിഗൗതമ-
സിദ്ധാർത്ഥ സൂക്തങ്ങൾ സ്വീകരിപ്പോർ !

ഗ്രാമീണൻ :

നാട്ടിൽ പരക്കെ പരന്നൊരീ വിശ്വാസ-
മർത്ഥമില്ലാത്തോരബദ്ധമാമോ ?

കവി :

എങ്ങും, നുണപറഞ്ഞീടുന്ന ശത്രുവിൻ
ചങ്ങാതിമാരുണ്ടാമോർമ്മവെയ്ക്കൂ !
നമ്മളെവഞ്ചിക്കാൻ, നാട്ടിനെദ്രോഹിക്കാൻ,
സമ്മാനം ശത്രുവിൽനിന്നു വാങ്ങാൻ.
നട്ടെല്ലില്ലാത്തുള്ളാ ദ്രോഹികൾ സൃഷ്ടിക്കും-
കെട്ടുകഥകളിൽ നമ്പിടൊല്ലെ !

ഗ്രാമീണൻ :

എന്തെല്ലാമോരോന്നു ചൊല്ലുന്നിതെല്ലാരും.
അന്തം മറിച്ചലിൽപ്പെട്ടു ഞാനും !

കവി :

രാജകിരീട മിളനീരിൻ തൊണ്ടുപോൽ,
പൂജ്യനാപ്പൂരുഷൻ സന്ത്യജിച്ചു.
സമ്പൽസമൃദ്ധികൾ നാറിപ്പുളിച്ചിടും-
സങ്കേതസീമയിൽനിന്നകന്നു.
നാടു പിടിക്കാൻ നടന്നില്ല ഗൗതമൻ,
കാടിലലഞ്ഞു നടന്നിതെങ്ങും,
വിജ്ഞാനതീർത്ഥം വീഴുന്നൊരച്ചോലയി-
ലാത്മസംശുദ്ധി വരുത്തുവാനായ് !
ആജിക്കുമാത്രമായ് ഭൂവിൽ ജനിച്ചവർ
ടോജോവിൻ കൂട്ടുകാർ നിർദ്ദയന്മാർ !
എങ്ങവരെങ്ങവ, രത്യാഗിഗൗതമ-
നെങ്ങു ? നീയന്തര മോർത്തുനോക്കൂ !

ഗ്രാമീണൻ :

കള്ളപ്രചാരത്തിൻ പങ്കത്തിൽ നിന്നെന്റെ-
യുള്ളം തെളിഞ്ഞിടുന്നുണ്ടു മന്ദം.

കവി :

മാററിത്തംകാണിക്കും മാററലർ ജപ്പാൻകാർ
കുററക്കാരല്ലേ ജനസമക്ഷം ?
ചൈനയിലിന്നവർ ചെയ്തിടും ദുഷ്കൃത്യം-
മാനവന്മാർക്കു ചെയ്യാവതാണോ ?
എത്രയോ നാടുകൾ കഷ്ടമാജപ്പാന്റെ-
ബൂട്ട്സിന്നടിയിൽ ഞെരിഞ്ഞീടുന്നു !
അക്രൂരരാണത്രെ, യിന്ത്യയെസ്വാതന്ത്ര്യ-
മാക്കാൻ വരുന്നവിമോചകന്മാർ !

ഗ്രാമീണൻ :

ഇത്രഞാനോർത്തില്ലതെറ്റിദ്ധരിച്ചുപോ-
യത്രമേൽ നിന്ദ്യരാനാട്ടുകാരേ !

രണ്ടു പേരും :

നൃത്തം ചവിട്ടില്ല, ജപ്പാന്റെ നിഷ്ഠൂര-
നിഷ്ഠകൾ ലോകത്തിലിന്നിമേലിൽ ;
എത്തി നോക്കില്ലതിന്നംശങ്ങൾ പോലു മുൽ-
ബ്ബുദ്ധമാം ബുദ്ധന്റെ ജന്മഭൂവിൽ !
എത്തുന്നിതൊത്തു ചേർന്നിദ്ധരതന്നിലെ-
മർത്ത്യജനതതി നീളെ നീളെ,
മർദ്ദനമൊക്കെയൊതുക്കുവാ, നക്രമി-
വർഗ്ഗവിച്ഛേദനം ചെയ്തിടുവാൻ !
പൊട്ടിത്തെറിക്കാറായ് ജപ്പാന്റെ സാമ്രാജ്യം,
വെററി വെളിച്ചം വിതച്ചിടാറായ് !!

# ജപ്പാനും സഖ്യശക്തികളും

(എം. ബാലകൃഷ്ണൻ, വളപട്ടണം)

II

തന്ത്രവും അനുകൂലനിലയും.—(1) ജപ്പാൻ സർവ്വവിധ സഹായങ്ങളോടുകൂടി ആകസ്മികമായ ഒരാക്രമണമാണ് ആരംഭിച്ചിരുന്നത്.

2. അമേരിക്കയുമായി സമാധാനത്തിന്നുള്ള ഉൽക്കണ്ഠ വളരെയധികം ഉണ്ടെന്നു ലോകത്തെ വിശ്വസിപ്പിക്കുന്ന തരത്തിലുള്ള പ്രസംഗങ്ങളും പ്രസ്താവനകളും പുറപ്പെടുവിക്കുകയും സന്ധി സംഭാഷണം ആക്രമണാരംഭത്തിന്നു നിർണ്ണയിച്ച നിമിഷംവരെ നീട്ടിക്കൊണ്ടുപോവുക.

3. ഈ സമയത്തു ആക്രമിക്കേണ്ട സ്ഥലങ്ങളുടെ അരുത്തിവരെ പട്ടാളങ്ങളെ നീക്കി ഏതു നിമിഷത്തിലും മുന്നോട്ടു കുതിക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക.

4. ഭൂമിശാസ്ത്രപരമായി ജപ്പാനിൽ നിന്നേററവും എളുപ്പത്തിലും വേഗത്തിലും ആക്രമിക്കാവുന്ന തരത്തിലാണ് കീഴടക്കിയ പ്രദേശങ്ങളുടെ കിടപ്പും സ്ഥിതിയും.

5. യുദ്ധം തുടങ്ങുന്ന സന്ദർഭത്തിൽ സഖ്യശക്തികൾക്കു ശാന്തസമുദ്രത്തിൽ തടുക്കുവാൻ പാകത്തിൽ പട്ടാളബലം തുലോം കുറവായിരുന്നു.

6. സർവ്വപ്രധാനമായ കുറെ യുദ്ധതന്ത്ര സ്ഥാനങ്ങളിൽ ജാപ്പു പട്ടാളങ്ങൾക്കു നിലയുറപ്പിക്കുവാൻ സാധിച്ചതുകൊണ്ടു തങ്ങളുടെ നാവികവിമാന ബലം ഒരു ചെറിയ മുന്നണിയിൽ കേന്ദ്രീകരിക്കാൻ സാധിച്ചു.

7. ഈ സമയത്തു ബ്രിട്ടീഷമേരിക്കൻ നാവികസേന ചിന്നിച്ചിതറികിടക്കുകയായിരുന്നു. വിമാനശക്തി നാമം മാത്രമായിരുന്നു.


8. ബ്രിട്ടൻ ജർമ്മനിയിൽ നിന്നും രൂക്ഷവും ദുസ്സഹവുമായ സമ്മർദ്ദം ഏററു വിഷമിച്ചുകൊണ്ടിരിക്കയാൽ ശാന്തസമുദ്രത്തെ വേണ്ടത്ര ശ്രദ്ധിക്കാൻ സാധിച്ചില്ല.

9. ഇത്രയും കാരണങ്ങൾ കൊണ്ടു ജപ്പാന്നു ത്വരിതമായ വിജയം വരിച്ചതിൽ വിസ്മയിക്കത്തക്കതായൊന്നുമില്ല.


സ്ഥിതിയിൽ മാററം.—ആറു മാസങ്ങൾക്കു ശേഷം സ്ഥിതിയിൽ വ്യത്യാസങ്ങൾ ഉളവാകുവാൻ തുടങ്ങി. 1942 ൽ കോറൽ കടലിലും മിഡ്വേദ്വീപുകൾക്ക് സമീപവും വെച്ചുണ്ടായ നാവിക സംഘട്ടനങ്ങൾ ജപ്പാനെ അമിതമായ നാശനഷ്ടങ്ങൾ അനുഭവിപ്പിച്ചു. മാത്രമല്ല, വേനല്ക്കാലത്തിൻെറ സമാഗമത്തോടുകൂടി സോളമൺ, ന്യൂഗിനിയ എന്നീ ദ്വീപു സമൂഹങ്ങളിൽ സഖ്യശക്തികൾ ഇറങ്ങി ഭയാനകയുദ്ധങ്ങൾ നടന്നു; ജപ്പാൻ പിൻവാങ്ങപ്പെട്ടു; അങ്ങിനെ ജാപ്പു പരാജയങ്ങൾ പുരോഗമിച്ചു ഒന്നിന്നു പിന്നാലെ മറെറാന്നായിവന്നു. ബർമ്മയിൽ സഖ്യസൈന്യങ്ങൾ ഉത്തരഭാഗത്തിൽക്കൂടി ആക്രമണമാരംഭിച്ചു. അമേരിക്കൻ കപ്പലുകൾ ജാപ്പു ജലാതിർത്തിക്കകത്തു പ്രവേശിച്ചു; അധീശ ദേശങ്ങളിൽ ബോംബാക്രമണങ്ങൾ വർദ്ധിച്ചു; സെയ്പൺ പിടിച്ചു. ഫിലിപ്പൈൻസിലിറങ്ങി, ടോജൊ മന്ത്രി സ്ഥാനത്തുനിന്നു നിലം പതിച്ചു; ടോക്കിയൊ ബോംബെറിയപ്പെടുന്നു തുറമുഖമായ അക്യാബ് നിരികെപിടിച്ചു. ബർമ്മയിൽ മാണ്ഡലക്കു നേരെ കയറുന്നു. ഇതെല്ലാം കാണിക്കുന്നതെന്താണ്? സഖ്യശക്തികളുടെ ഈ ശൈശവാക്രമണം തന്നെയും ജപ്പാന്നു ഇത്രയും പരാജയങ്ങൾ ഏല്പിച്ചു കഴിഞ്ഞുവെന്നല്ലേ? എന്നാൽ ഇററിയും അവൻ തോററു കഴിഞ്ഞിട്ടില്ല. ഇനിയും അതീവ ഭയങ്കര യുദ്ധങ്ങൾ നടത്തുകതന്നെ വേണം.

ക്ഷണികമൊ ശാശ്വതമൊ.—എന്നാൽ സഖ്യശക്തികൾക്കു സിദ്ധിച്ചിട്ടുള്ള വിജയങ്ങൾ കേവലം താല്ക്കാലികമൊ അതൊ അടുത്തുവരാനിരിക്കുന്ന അവസാനവും പരിപൂർണ്ണവുമായ വിജയത്തിൻെറ ആരംഭമൊ എന്നു പരിശോധിച്ചു നോക്കാം. യുദ്ധത്തിൽ ഏതു ശക്തി ജയിക്കുമെന്നതിൻെറ മാനദണ്ഡം പട്ടാളശക്തിയും അതിൻെറ പിന്നിൽ ഉല്പാദന സാദ്ധ്യതയുമാണല്ലൊ. പട്ടാളങ്ങളുടെ എണ്ണം നോക്കുകയാണെങ്കിൽ ജാപ്പു സാമ്രാജ്യത്തിൻെറ ജനശക്തിയെക്കാൾ എത്രയോ ഇരട്ടി ബ്രിട്ടീഷ് സാമ്രാജ്യത്തിന്നും അമേരിക്കക്കും കൂടിയുണ്ടെന്നുള്ളതു നിസ്തർക്കമാണ്. ഉല്പാദനസാധനങ്ങൾ ഇരുമ്പു, ഉരുക്കു, എണ്ണ, കല്ക്കരി മററു സംസ്കൃത സാധനങ്ങൾ മുതലായവയാണ് ഇന്നു ജപ്പാൻെറ ആധിപത്യത്തിൽ വന്നിട്ടുള്ളവ. സാമ്പത്തികമായി വിശ്വവിഖ്യാതി സമ്പാദിച്ചിട്ടുള്ള രാജ്യവിഭാഗങ്ങളാണെന്നതു വിഗണിക്കാവതല്ല. ഏററവും സമൃദ്ധി ബ്രിട്ടീഷ്മലയക്കും ഡച്ച് ഈസ്റ്റിൻഡീസിന്നുമാണ്. ചില ഉദാഹരണങ്ങൾ കാണിക്കാം. 39 ന്നു മുമ്പു റബ്ബർ, തകരം ഇവയുടെ നിർമ്മാണത്തിൽ ബ്രി: മലയക്കു ലോകത്തിലൊന്നും റബ്ബറിൽ ഡച്ചു ദ്വീപുകൾക്കു രണ്ടും തകരത്തിൽ മൂന്നും എണ്ണയിൽ ആറും സ്ഥാനങ്ങളാണുണ്ടായിരുന്നത്. ഡച്ച്ദ്വീപുകളിൽ മാത്രം ജപ്പാനിലേക്കാൾ പതിരട്ടി എണ്ണ അധികമുണ്ടാവുന്നുണ്ട്. ചായ, കരിമ്പിൻപഞ്ചസാര എന്നിവയിൽ ഡച്ച് ദ്വീപുകൾക്കു മൂന്നാം സ്ഥാനവുമാണുള്ളത്. കായിനു, കുരുമുളകു മുതലായവ വളരെയധികവും ഈ ദ്വീപുകളിൽ ഉല്പാദിപ്പിക്കപ്പെടുന്നു. പ്രധാന വിഭവസങ്കേതങ്ങൾ ജാപ്പ് അധീനതയിൽ പോയിയെന്നതു വാസ്തവം തന്നെ. എന്നാൽ സഖ്യ പട്ടാളം പിൻവലിക്കുമ്പോൾ വളരെ നശിപ്പിക്കുകയും കത്തിക്കുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കാവതല്ല. ഖനികൾ, വൈദ്യുത കേന്ദ്രങ്ങൾ, ജലശേഖരങ്ങൾ, എണ്ണക്കുഴലുകൾ, വ്യവസായശാലകൾ മുതലായവ നശിപ്പിച്ചവയിലുൾപ്പെടും. ഇവയെ എളുപ്പത്തിൽ കേടുപാടുകൾ തീർത്തുപയോഗിക്കാൻ ജപ്പാന്നു സാദ്ധ്യമാണെന്നെനിക്കഭിപ്രായമില്ല. എന്നാൽ തന്നെയും ഇവയുടെയെല്ലാം ഒരു സിംഹഭാഗം അവന്നു ലഭിക്കുന്നുണ്ട്. യുദ്ധത്തിന്നു മുമ്പു ജാപ്പു വ്യവസായങ്ങൾ അയൽ രാജ്യങ്ങളിൽനിന്നു ഇറക്കുമതി ചെയ്തിരുന്നു. എണ്ണയും അസംസ്കൃത പദാർത്ഥങ്ങളുമുപയോഗിച്ചാണ് ജീവിച്ചുവന്നതു. യുദ്ധാരംഭശേഷം ഇവയെല്ലാം നില്ക്കുകയും ചെയ്തു. യുദ്ധത്തിന്നു സമാധാനകാലങ്ങളെ അപേക്ഷിച്ചു ഇവയൊക്കെ സീമാതീതമായി ലഭിക്കുന്നുവെങ്കിലെ പട്ടാളശക്തി തുടർന്നു പോവുകയുള്ളൂ. ഇത്രയും വിഭവസമൃദ്ധപ്രദേശങ്ങൾ ജപ്പാന്നുണ്ടെങ്കിലും സഖ്യശക്തികളുടെ ഒപ്പമെത്താൻ ജപ്പാന്നു സാധിച്ചിട്ടില്ല.

യുദ്ധത്തിന്നു മുമ്പു ജപ്പാനിൽ ഉരുക്ക് അമേരിക്കയുടേതിൽ 1/13 ഉം ഇരുമ്പു 1/10 ഉം കല്ക്കരി 1/10 ഉം മാത്രമാണ്. ഡച്ച് ദ്വീപുകളിൽനിന്നു ജപ്പാന്നുകിട്ടാവുന്ന എണ്ണ വർഷത്തിൽ 100 ലക്ഷം ടൺ ആണ്. അതേ സമയത്തു അമേരിക്കക്കു 1,600 ലക്ഷം ടണ്ണും ആണ്. ബ്രിട്ടൻെറ ഉല്പാദനകഴിവുകളും ഇതിനോടു ചേർത്താൽ ജപ്പാൻെറ ശക്തി വളരെ നിസ്സാരമാണെന്ന് വ്യക്തമല്ലെ. അമേരിക്കയുടെ കപ്പൽനിർമ്മാണം നിമിഷംപ്രതി അത്ഭുതകരമാംവണ്ണം വർദ്ധിച്ചുവരികയാണ്. ഈ നിലയിൽക്കൂടി വീക്ഷിച്ചാൽ ജാപ്പുവിജയം താല്ക്കാലികവും അസ്ഥിരവും വിഷമപൂർണ്ണവുമാണ്.



ബാററാൻ അർദ്ധദ്വീപു. ജനറൽ മക്ആർതർ ഇതു തിരിച്ചെടുത്തു.



കൊറിജിഡോർ ദ്വീപ്.

## ആശീർവ്വാദം

മോഹനൻ

മുന്നോട്ടു പോകുവിൻ, മുന്നോട്ടായ് നീങ്ങുവിൻ
ബർമ്മാരംഗത്തിലെ യോദ്ധാക്കളേ,
ധർമ്മത്തെ രക്ഷിപ്പാൻ, മാനംപുലർത്തുവാൻ
ധർമ്മയുദ്ധംചെയ്യും ധീരന്മാരെ,
ഭാരതദേവിതൻ പാവനമേനിയെ
പാരമശുദ്ധമായ് മാററീടുവാൻ,
ജാപ്പുകൾ ചെയ്യുന്ന സാഹസം നിങ്ങൾതൻ
വിക്രമത്താലെങ്ങും നിഷ്ഫലമായ്.

പോരിലരിയെ ഹനിക്കാതടങ്ങുമോ
ഭാരതദേവിതൻ പൈതങ്ങൾ നാം?
പൂർവ്വസ്മരണയാൽ നമ്മുടെ ഹൃത്തടം
കോൾമയിർകൊണ്ടു തുടിച്ചിടുന്നു!

കർത്തവ്യകർമ്മത്താലത്രമേൽ വീരത്വം
സിദ്ധിച്ച നിങ്ങൾ പരിലസിപ്പിൻ!
ആശീർവ്വദിക്കുന്നു ഞങ്ങളീനാട്ടുകാർ
വിശ്രുതവീരന്മാരാക നിങ്ങൾ!

# സമരദശയിലെ സോവിയററ് സിനിമകൾ

(ഡോക്ടർ കെ. സി. പത്മാവതി.)

സോവിയററ് നാട്ടിലെ സിനിമാപ്രവർത്തകന്മാർ എണ്ണത്തിലും വണ്ണത്തിലും വമ്പിച്ചതാണ്. ആ കലയിൽ അവർ നാനാപ്രകാരേണ, വിവിധ തുറകളിൽ പ്രാതിനിദ്ധ്യം വഹിക്കുന്നു. ഓരോരുത്തരുടേയും പ്രവൃത്തിയ്ക്കു് അതിൻെറ അഭിലക്ഷണീയതയുണ്ട്. സിനിമ കാണുവാൻ പോകുന്നവർക്കെല്ലാം നല്ലവണ്ണമറിയാം സർജി ഈസൻസ്റ്റീൻസിൻെറ പടങ്ങളുടെ പ്രാധാന്യത. മനശ്ശാസ്ത്രതത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളിലാണ് സവലോഡ് പുഡോവ്കിൻെറ നൈപുണ്യം പ്രത്യേകമായി കാണുന്നതു. ഫെഡറിക് എമ്‌ലരുടെ ചിത്രങ്ങളിൽ രാഷ്ട്രീയകാര്യങ്ങളേയും കാണിക്കുന്നുണ്ട്.

എന്നാൽ 1941 ജൂൺ 22-ാംനു- യുദ്ധം തുടങ്ങിയപ്പോൾ ഈ സനിമാപ്രദർശനവ്യവസായ ഉടമസ്ഥന്മാരെല്ലാംതന്നെ കലയിലൂടെ അവരവരുടെ അഭിപ്രായത്തെ ഒരേ ഒരു ലക്ഷ്യത്തിൽ കണ്ടു. സ്വദേശഭക്തന്മാരായ അവർ ഒരൊററ ലക്ഷ്യത്തെ ലാക്കാക്കി തങ്ങളുടെ കലയിൽക്കൂടി ആ വെറുക്കപ്പെട്ട ശത്രുക്കളെ എതൃക്കുവാൻ തുടങ്ങി. സർജിവ്ലാഡിമിർ പെററ്യാവിനെപോലെയുള്ളവർ അനവധി കൊല്ലങ്ങളായ് സ്വാതന്ത്ര്യത്തിന്നും കീർത്തിയ്ക്കുംവേണ്ടി കഷ്ടപ്പെട്ട റഷ്യൻജനതയുടെ മഹനീയതയെ കാണിക്കുവാൻ ആ പഴയ കാലത്തേക്കു തങ്ങളുടെ ലക്ഷ്യത്തെ നയിച്ചു. അദ്ദേഹം 1812 ലെ ഒരു വലിയ റഷ്യൻ ജനറലായിരുന്ന കട്സോവിനെപററിയുള്ള ഒരു ചിത്രം പ്രദർശിപ്പിച്ചു. മററു ചിലരാകട്ടെ അവരുടെ വിഷയങ്ങളെ യുദ്ധക്കളത്തിൽനിന്നും നേരിട്ടെടുത്ത തങ്ങളുടെ ഇന്നത്തെ വീര്യത്തെ കാണിക്കുന്ന ചിത്രങ്ങൾ പുറപ്പെടുവിച്ചു. പിന്നെ ചിലർ ജനങ്ങളുടെ ഹൃദയത്തിൽനിന്നും വെളിച്ചം വിതറുന്ന പുഞ്ചിരിയും പൊട്ടിച്ചിരിയും വിജയത്തിന്നുള്ള ശക്തിമത്തായ ഒരായുധമാണെന്നു കരുതി ചില തമാശപ്പടങ്ങളേയും പുറപ്പെടുവിച്ചു. കോൺസൻറൻറിൻ സിമനോവിൻെറ "റഷ്യൻജനത" എന്ന പ്രസിദ്ധ നാടകത്തെ അടിസ്ഥാനമാക്കി സവലോഡ്പുഡോവ്കിൻ "മാതൃരാജ്യത്തിൻെറ പേരിൽ" എന്ന ഒരു പടം പ്രദർശിപ്പിച്ചു. ആവേശജനകമായ ഒരു ചിത്രമായിരുന്നു അതു്. നാസിസമാകുന്ന പ്ലേഗിൽനിന്നു ലോകത്തെ മററു മർത്ത്യലോകത്തോടുചേർന്നു രക്ഷിക്കുക എന്ന സോവിയററ് യൂനിയൻെറ തത്വം നിസ്സ്വാർത്ഥമായും വ്യക്തമായും അതു് പ്രതിഫലിപ്പിച്ചു. തങ്ങളുടെ പ്രവൃത്തി നല്ലവണ്ണം ഓർമ്മയുള്ള സാധാരണ റഷ്യൻ ജനതയുടെ മനസ്സിൽ ഒന്നുകൂടി ആ ബോധം ഉറപ്പിച്ചു. അതു് സിവലോസ്പുഡോമിക്കിൻെറ കലാചാതുരിക്ക് ഒന്നുകൂടി മാററുകൂട്ടി. സിവലോസ് പുഡോവ്കിൻ ഭൂതകാലത്തെ വിഷയമാക്കി ഒരു പുതിയ പടം പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ കഥാപാത്രം കീർത്തിമാനായ അഡ്മിറൽ നാക്കിമോവാണ്. പുതിയ നാവികയുദ്ധത്തിൽ നോക്കിവിൻെറ രീതികൾ ഉപയോഗപ്രദങ്ങളായിവരുന്നു.

"പാർട്ടീസൻസ്", "യുദ്ധം കഴിഞ്ഞാൽ വൈകുന്നേരത്തെ 6 മണി" എന്നീ രണ്ടു പ്രധാന പടങ്ങൾ ഇവാൻവൈറവ് എന്ന വിദഗ്ദ്ധനായ ഒരു സിനിമാ ഡയരക്ടരുടെ വകയാണ്. അദ്ദേഹം ഇതിൽ 1941 ലെ യുദ്ധത്തിൽ പങ്കെടുത്ത സോവിയററ് വനിതാസംഘത്തേയും ഓഫീസർമാരേയും പ്രത്യേകം ചിത്രീകരിച്ചിട്ടുണ്ട്.

യുദ്ധകാലത്തെ മറെറാരു സിനിമാ ഡയരക്ടരാണ് ലിയോനീസ് ലൂക്കോ. ഇദ്ദേഹം ഉക്രേനിയക്കാരനാണ്. 1918 ലെയും 1921 ലെയും ആഭ്യന്തരകലഹത്തിലെ ഒരു നേതാവായിരുന്ന 'അലക്സാണ്ടർ പാർക്കോമെൻകൊ' വിനെ പററിയുള്ള ഒരു പടം ഇദ്ദേഹം പുറപ്പെടുവിച്ചു. ഇതിനിടയിൽത്തന്നെ അദ്ദേഹം നഗരത്തിലെ ഏ.ആർ.പി. സംഘത്തിലും പ്രവൃത്തിച്ചു. ഈ പടം എടുക്കുന്ന കാലത്തു് ശത്രുക്കൾ ഉക്രേനിയ തലസ്ഥാനത്തെ ആക്രമിച്ചപ്പോൾ അദ്ദേഹം തൻെറ കമ്പനിയുമായി സെൻട്രൽ ഏഷ്യയിലേക്ക് മാറിത്താമസിച്ചു. അവിടെവെച്ചാണ് അതു് പൂർത്തിയാക്കിയതു്. അദ്ദേഹത്തിൻെറ മറെറാരു പടം "രണ്ടു പട്ടാളക്കാർ" എന്നതാണ്. 1941 ൽ ലെനിൻഗ്രാഡ് സംരക്ഷണാർത്ഥം യുദ്ധമുന്നണിയിലിരുന്ന രണ്ടു മെഷിൻഗണ്ണേർസ് സ്നേഹിതന്മാരെപ്പററിയുള്ളതാണ് ആ പടം. മററു സോവിയററ് പട്ടാളങ്ങൾക്ക് ഇതൊരു മാതൃകയാണ്.

ഇപ്പോഴാകട്ടെ അദ്ദേഹം "അച്ഛനും കുട്ടികളും" എന്ന പടം മുഴമിച്ചുവരുന്നു.

സിവിൽ യുദ്ധത്തേയും, ഇപ്പോഴത്തെ യുദ്ധത്തേയും കാണിക്കുന്നതാണ് ഈ പടം. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കുമുമ്പ് ജർമ്മൻകാരുടെനേക്ക് അവരുടെ പിതാക്കൾ യുദ്ധം ചെയ്തിരുന്ന ആ സ്ഥലത്തു് ഇന്നു അവരുടെ പുത്രന്മാർ നിന്നു യുദ്ധം ചെയ്യുന്നു. ഈ പടം യുവത്വത്തിൻെറ ധീരതയെ തികച്ചും കാണിക്കുന്നു.

ഡയരക്ടർമാർക്ക് ഡോൺസ്കി യുദ്ധകാലചരിത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്നു അശ്രാന്തപരിശ്രമം ചെയ്തുവരുന്നു. അദ്ദേഹത്തിൻെറ കീർത്തി യു. എസ്സ്.എസ്സ്.ആറിൽ മാത്രമല്ല, പുറരാജ്യങ്ങളിലും പരന്നിരിക്കുന്നു. നിക്കോലെ ഓസ്ട്രോവിസ്കിയുടെ പ്രസിദ്ധ നോവലായ "ഉരുക്കു ഉരുട്ടിയതു് എങ്ങിനെയായിരുന്നു" എന്നും വാസിലേസ്കയുടെ പ്രചുരപ്രചാരം സിദ്ധിച്ച "മഴവില്ല്" എന്ന കഥയുമാണ് അദ്ദേഹത്തിൻെറ പടങ്ങൾ. ഇപ്പോൾ ഈ പ്രദർശനകർത്താക്കൾക്ക് ഉക്രേനിയയിലേക്കു മടങ്ങിവരുവാനുള്ള സൌകര്യം ലഭിച്ചു. മടങ്ങിവന്നതിന്നുശേഷം അവർ ഒന്നാമതു പുറപ്പെടുവിച്ച പടം ബോറിസ് ഗോർബോററാവിൻെറ "പിടിച്ചിട്ടില്ല" എന്ന കഥയാണ്. ഈ കഥ വിദേശഭാഷകളിലേക്ക് തർജ്ജമ ചെയ്തു് വളരെ അത്ഭുതത്തോടെ ജനങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. "മഴവില്ല്", "പിടിച്ചിട്ടില്ല" ഈ രണ്ടു പടങ്ങളും മാതൃഭൂമിക്കുവേണ്ടി ശത്രുക്കളോടു പോരാടുന്ന സോവിയററ് ജനതയുടെ രാജ്യസ്നേഹത്തേ വിളിച്ചുപറയുന്നുണ്ട്.

ഫ്രീഡ്റിച്ച് എമ്മ്‌ലരുടെ "അവൾ മാതൃഭൂമിക്കുവേണ്ടി പൊരുതുന്നു" എന്ന പടം ലോകമൊട്ടുക്കും കാണിക്കപ്പെട്ടു. അതിലെ വാസ്തവികത കാണികളെ ഹഠാദാകർഷിക്കപ്പെടുന്നു. കുട്ടികളെ കൊന്നു ഓടുന്ന ടാങ്കുകളുടെ അടിയിലേക്കിടുന്ന ആ ഫാസിസ്റ്റ് ചെന്നായ്ക്കളുടെ ശരിക്കുള്ള മൂർഖത്വത്തെ അതു കാണിക്കുന്നു. അത്രമാത്രമല്ല, ഈ ചിത്രത്തിൽ അപ്രകാരമുള്ള പ്രവൃത്തിയോടു ഒരു റഷ്യൻമാതാവിൻെറ പ്രതികാരേച്ഛയും അതു പ്രതിഫലിപ്പിക്കുന്നുണ്ട്—തോക്കെടുത്തു ശത്രുവിൻെറ തല വീഴ്ത്തുന്നതു്.

ഇദ്ദേഹം ഇപ്പോൾ "യുദ്ധത്തലവൻ" എന്ന ഒരു പടം പുറപ്പെടുവിച്ചുവരുന്നു. സ്റ്റാലിൻഗ്രാഡിൽവെച്ചുണ്ടായ ആ ഗംഭീരസമരത്തെ അടിസ്ഥാനമാക്കിയാണ് ഇതു തുടങ്ങിവരുന്നതു്. യുദ്ധക്കളത്തിൽ മാത്രമല്ല, ഓരോ തലവന്മാർ നയിക്കുന്ന അവരുടെ ഹെഡ്ക്വാർട്ടേസിലും യുദ്ധം നടക്കുന്നുണ്ടെന്നു കാണിക്കുന്നു. ഇങ്ങിനെ പ്രദർശിപ്പിക്കുന്നതു് അത്ര എളുപ്പമായ ഒരു കാര്യമല്ലെങ്കിലും എമ്‌ലേർസിൻെറ സിനിമാപ്രകടനവൈദഗ്ദ്ധ്യത അതു് വിജയീകരിയ്ക്കും എന്നു ഉറപ്പു കൊടുക്കുന്നുണ്ട്.

രണ്ടു സഹോദര ഡയരക്ടർമാരുടെ ചിന്താഫലമായി "ഡാറിട്സിയനിലെ എതൃപ്പ്" എന്ന ഒരു പടം പുറത്തുവന്നു. ഇതിലെ പ്രധാന കഥാപാത്രം ജോസഫ് സ്റ്റാലിനാണ്. അക്കാലത്തെ 'ആദ്യത്തെ ഡാറിട്സ്യൻ യുദ്ധത്തിൽ ജയിച്ചതു് ഇദ്ദേഹമായിരുന്നു. അതിന്നുശേഷമാണ് അതു സ്റ്റാലിൻഗ്രാഡായതു്. ഇരുപത്തഞ്ചു കൊല്ലങ്ങൾക്കുശേഷവും അതു ഒരു വലിയ പടക്കളമായി. 1941-42 ലെ സ്റ്റാലിൻഗ്രാഡിലെ ചിത്രത്തെ അതു് പ്രത്യേകം കാണിക്കുന്നു. ഈ സഹോദരന്മാർ ലെനിൻഗ്രാഡിലെ സിനിമാപ്രവർത്തകന്മാരാണ്. ലെനിൻഗ്രാഡ് ശത്രുക്കളാൽ വളയപ്പെട്ടപ്പോൾ അവർ സ്റ്റുഡിയോ കസാക്സ്ഥാനിലെ തലസ്ഥാനമായ ആൽമാആട്ടയിലേക്കു മാററി.

ഇപ്പോൾ അവർ വീണ്ടും തിരികെ വന്നു. അവർ ഇപ്പോൾ 1941-42 ലെ ലെനിൻഗ്രാഡ് എതൃപ്പിനെ കുറിക്കുന്ന പടങ്ങൾ പുറപ്പെടുവിക്കുവാനുള്ള സംരംഭമാണ്. ഇതിനെപ്പററി സർജിഗരാസിമോവും മിഷേയൽ കലാട്ടാസോവും അവരുടെ "ഇൻവിൻസിബ്ൾ" എന്ന ചിത്രത്തിൽ കാണിച്ചിട്ടുണ്ട്. അതു ആദ്യകാലത്തെ മാത്രമേ കാണിക്കുന്നുള്ളൂ. ഗറാസിമോവിൻെറ രണ്ടാമത്തെ പടം "പ്രധാന രാജ്യം" ആണ്. അതിലെ തമാരമാക്കറോവിൻെറ "യൂറൽ സ്ത്രീ" വളരെ വിശേഷമാണ്. യു. എസ്സ്.എസ്സ്.ആർ. ലെ എല്ലാ സ്ത്രീകളും അവരുടെ ശക്തി വിജയത്തിന്നായിക്കൊണ്ടു് ഉപയോഗിക്കുന്നു. പ്രവൃത്തിക്കാരുടെ ഭാര്യമാരും സ്വമേധയാ പ്രവൃത്തി എടുക്കുന്നവരും ഇവിടെ ചുരുക്കമല്ല.

ഡയരക്ടർമാരായ ഗ്രിഗൊറികോസിൻെറസോവും ലിയോനിസ്ട്രാബർഗ്ഗും അവരുടെ പ്രദർശനത്തിന്നു "കൊടുങ്കാററ്" എന്ന വിഷയത്തെ തിരഞ്ഞെടുത്തിരിക്കുന്നു. പുതിയ ചെറുപ്പക്കാരായ ഡയരക്ടർമാരാണ് ബോറീസ് ഇവനോവും അലക്സാണ്ടർ സ്റ്റോൾവറും. കോൺസ്റ്റാൻററിൻസിമനോവിൻെറ "നമ്മുടെ പട്ടണത്തിൽനിന്നു ഒരു ചെറുക്കൻ", "എനിക്ക്‌വേണ്ടി കാത്തിരിക്കുക" എന്നീ കളികളും, "യു-ബോട്ട് 9" എന്ന അലക്സാണ്ടർ ഇവനോവിൻെറ പടത്തേയും കാണിക്കുന്നു. ലേവ് ആർൻസ്ലാമിൻെറ "സോയ" എന്ന പടവും അത്ഭുതാവഹമായ ഒരു യുദ്ധചിത്രമാണ്.

യുദ്ധകാലത്തെ സോവിയററ് നിയമപ്രവർത്തകന്മാരേയും അവരുടെ ചാതുരിയും നമുക്കു ഇതിൽനിന്നും മനസ്സിലാക്കുവാൻ കഴിയും.

---

## പരിവർത്തനം

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

യുദ്ധമെ നിൻെറ വിദഗ്ദ്ധതയെല്ലാമി-
ങ്ങുദ്ധരിച്ചീടുവാൻ വൈഷമ്യമാം
എങ്കിലുമെങ്ങിനെ നിത്യാനുഭവങ്ങൾ
സങ്കോചപ്പെട്ടു മറച്ചീടാം ഞാൻ ?

പൂമണംവീശുന്ന പ്രേമത്തിലല്ലിന്നു-
പൂതംപുതുമകൾ തങ്ങിനിൽപ്പൂ.
പോർക്കളംതന്നിലെ പുത്തനടവുകൾ
നോക്കിത്തുടങ്ങി മൃഗാക്ഷിമാർകൾ.

വീരതരുണിമാരായി ചമഞ്ഞിന്നു
ഭാരതംതന്നിലെ പെൺമണികൾ.
ധീരവനിതകളാമവർക്കുള്ളിലെ
ഊറുംവിചാരം വിജയമല്ലൊ.

ജീവിതയാത്രയിൽ പൂവിതറീടുമ-
ഭാവിയെയൊന്നു പുണർന്നീടുവാൻ.
മേവുക യുദ്ധമേ, വിപ്ലവശക്തിയിൽ
ജീവിതം ജീവിക്കാനാവോളവും.

ഭക്ഷണസാധനം പൂഴ്ത്തിവെച്ചുള്ളതാം
ലക്ഷണം ലക്ഷ പ്രഭുക്കളുടെ
വാർത്തയുംകൊണ്ടിങ്ങു വന്നോരിപത്രമി-
ങ്ങെത്തിയതെത്ര യുമുത്തമമായ്.

സഞ്ചരിച്ചെങ്ങുമേ എത്തുംനൽസഞ്ചിക
തഞ്ചത്തിൽ നിന്നിൽ പതിയും കാവ്യം.
നെഞ്ചേററിലാളിപ്പാനാളുകളുണ്ടേററം
സംജയിച്ചാലും നീ മേലിൽ മേലിൽ.

ചെറുകഥ

# "തേവിയമ്മ"

(കെ. ജി. പിള്ള)

കാലത്തിന്റെ വേലിയേറ്റങ്ങൾക്ക് വളരെ കാലമായി സാക്ഷിയായിരിക്കുന്ന ഇടിഞ്ഞു നിലം പറ്റാറായ ആ കൊച്ചു വീട് ആരുടെയും ശ്രദ്ധയെ ആകർഷിച്ചില്ല. ദാരിദ്ര്യപ്പിശാച് അനുദിനം പിറുപിറുക്കുന്നതു കേൾക്കാനും അവിടെ ആരുമില്ലായിരുന്നു. കാട്ടുപത്തനാപുരത്തിന്റെ പാരമ്പര്യത്തെ നിലനിർത്തുവാനെന്നോണം ആ ഭവനം നഗ്നമായ നിലയിൽ അങ്ങനെ നില്ക്കുന്നു.

അമ്പത്തിഅഞ്ചു വയസ്സു പ്രായമുള്ള ഒരു തൈക്കിഴവിയാണെങ്കിലും, ഒരു നൂററമ്പതു കൊല്ലത്തെ പഴക്കം തോന്നിക്കുന്ന "തേവിയമ്മ"യും അവരുടെ മകൻ "കൊച്ചുവേലു"വുമാണ് ആ തറവാടിന്റെയും, അതിനു ചുററുമുള്ള പതിനാറു സെൻറു മണ്ണിന്റെയും ഇന്നത്തെ അവകാശികൾ.

പുനലൂർ പേപ്പർ മില്ലിൽ കടലാസ്സ് അടുക്കിക്കെട്ടുന്ന ഒരുദ്യോഗവും, ദിവസത്തേക്കു നാലണ വേതനവും കൊച്ചുവേലു സമ്പാദിച്ചിരുന്നതിനാൽ അവനും തേവിയമ്മയും ഒരു മാതിരി കഴിഞ്ഞുവരികയായിരുന്നു. അങ്ങനെയിരിക്കെയാണ് ലോകത്തിന്റെ ശാന്തതയെയും ക്ഷേമത്തെയും പാടെ ഒടുക്കിക്കളയുവാൻ ലോകകണ്ടകനായ ഹിററ്ലർ രാക്ഷസൻ തന്റെ നാസിസ് കൊടുവാളും ചുഴററി താണ്ഡവത്തിനു രംഗപ്രവേശം ചെയ്തത്. യുദ്ധം മൂലം സാധനങ്ങളുടെ വില വർദ്ധിച്ചു. കൊച്ചുവേലുവിന്റെ ശമ്പളത്തിൽ ഒരു വർദ്ധനവും അനുണ്ടായില്ല. നാലണകൊണ്ട് ഉദരം ഭരിക്കുവാൻ കൊച്ചുവേലു കുഴങ്ങി. അവൻ ആ തൊഴിൽവിട്ടു ഒരു ചെറിയ കച്ചവടം തുടങ്ങി. കുടികളിൽനിന്നും കൈതച്ചക്കയും മററു സാധനങ്ങളും കുറഞ്ഞവിലയ്ക്കു വാങ്ങി പുനലൂർ ചന്തയിൽ കൊണ്ടുപോയി വില്ക്കുക. കോളുകാരുണ്ടെങ്കിൽ ചിലപ്പോൾ എട്ടണയിൽ കുറയാതെ അവനു ലാഭംകിട്ടും. അവനും അവന്റെ വൃദ്ധയായ അമ്മയും അർദ്ധപ്പട്ടിണിയിൽ അങ്ങനെ ദിവസങ്ങൾകഴിച്ചു.

ഒരു മൂന്നു വർഷങ്ങൾക്കപ്പുറമുണ്ടായ ഒരു തിരുവോണം നാൾ രാവിലെ മുതൽ, തന്റെ ശരീരവുമായി നിത്യസഹവാസമായ കീറിപ്പറിഞ്ഞു നാറിയനാടൻ കച്ച ഒന്നു മാറണമെന്ന് തേവിയമ്മയ്ക്ക് അതിയായ ആഗ്രഹമുണ്ട്. ആ വിവരം കൊച്ചുവേലുവിനോടു പറയുവാൻ തേവിയമ്മ അത്ര വീണ്ടു വിചാരം ഇല്ലാത്തവളല്ല. വല്ലവശവുമുണ്ടെങ്കിൽ തന്റെ പഴയ മുറിക്കൈയൻ ബനിയനും, ഉടുതുണിയും കൊച്ചുവേലു ഒന്നു പുതുക്കിയേനെ.

കൊച്ചുവേലു രാവിലെ എന്തെല്ലാമൊക്കെയോ ഒരു മോന്തുമോന്തി വയറുനിറച്ചു, തന്റെ കച്ചവടക്കൊട്ടയും തലയിൽ പേറി ചന്തയിലേക്കു പോയ്ക്കഴിഞ്ഞാൽ തേവിയമ്മക്കു വീട്ടിൽ അധികം ജോലിയൊന്നും ഇല്ല. അവൻ രാത്രിയുടെ പ്രഥമയാമത്തിൽ തിരിച്ചെത്തിയ ശേഷമേ അടുപ്പിൽ തീകത്തിക്കേണ്ടതുള്ളു. എന്നാൽ പകൽ മുഴുവൻ ആ പാവത്തെ എന്തൊക്കെയോ ഭയങ്കരമായ ചിന്തകൾ അലട്ടുന്നുണ്ടെന്നുള്ളതു വാസ്തവമാണ്.

തന്റെ പതിനാറു സെൻറ് ഭൂമിയോടു തൊട്ടുകിടക്കുന്ന ഫലഭൂയിഷ്ഠമായ പതിനൊന്നേക്കർ മലമ്പുരയിടവും, വടക്കെ ചരുവിലുള്ള ഇരുപത്തിനാലു പറകണ്ടവും നോക്കി തേവിയമ്മ നെടുവീർപ്പിടും. അവരുടെ കുഴിഞ്ഞുതാണ കണ്ണുകളിൽനിന്നും രണ്ടു നാലു തുള്ളി ചുടുകണ്ണീർ പുറപ്പെടും. അതു് ആ ചുളിവീണ കവിളിൽ അങ്ങു വററിപ്പോകും. ആ വിറകൊള്ളുന്ന നാസികാഗ്രം ഒന്നു വിയർക്കും.—ഒന്നു വിടരും—കഷ്ടം അതു് ഒരായിരം ഭൂതകാലങ്ങളെ ഉണർത്തും. എന്തു് ? തേവിയമ്മയ്ക്കു കൈമ്മളുടെ വക ആ പറമ്പും പാടവും കാണുന്നതു് ഇത്ര സങ്കടമോ ? അവർ ഇത്ര അസൂയാകുക്ഷിയോ ? ഒട്ടേറിയാം. ചിലർ പറയും, "പാവം, തേവിയമ്മ,! അവർക്കിങ്ങനെ വന്നല്ലൊ" എന്ന്.

*　　*　　*

കൊച്ചുവേലു ചെറുപ്പമാണ്. തന്റെ തരക്കാരേപ്പോലെ സുഖമായി ജീവിക്കുവാൻ ആ നാറിയ ബനിയനും തോർത്തു മുണ്ടും ഒന്നുമാറുവാൻ അവനു വളരെ ആശയുണ്ട്; ഒരു കല്യാണം ചെയ്താൽ കൊള്ളാമെന്നുണ്ട്. തന്റെ വൃദ്ധയായ മാതാവിന്ന് അതൊരു സഹായവുമായിരിക്കും. ഹാ! എന്നാൽ അവനെന്തു ചെയ്യും ? രണ്ടു വയറു കഴിയുന്ന വിഷമം അവനറിയാം. തെക്കതിലെ "ഗൌരിക്കുട്ടി" പുസ്തകവുമായി തന്റെ വസതിക്കു മുൻഭാഗത്തുള്ള വഴിയിൽ കൂടി സ്കൂളിലേക്കു പോകുന്നതു കാണുമ്പോൾ കുറെ നാളായി കൊച്ചുവേലുവിൽ ചില വികാരങ്ങൾ കടന്നുകൂടാറുണ്ട്. അവൻ തന്റെ നിലയോർത്തു് ഒന്നു ഞെട്ടും. അവനും തേവിയമ്മയെപ്പോലെ ആ പതിനൊന്നേക്കർ മലമ്പുരയിടവും, ചരുവിലെ നിലവും നോക്കി നെടുവീർപ്പിടും. അവന്റെ സൌഖ്യപ്രത്യാശകളും ആ നെടുവീർപ്പിൽ അങ്ങനെ അലിഞ്ഞുചേരുകയും ചെയ്യും.

*　　*　　*

രാത്രി ഉദ്ദേശം പന്ത്രണ്ടു മണി സമയമാണ്. തേവിയമ്മ ഉറങ്ങിയിട്ടില്ല. തന്റെ തറവാട്ടിലെ ദാരിദ്ര്യത്തിനും താനിതേവരേ അനുഭവിച്ച ദുരിതങ്ങൾക്കും മൂകസാക്ഷികളായ താരകങ്ങളെ വീട്ടിന്റെ മേൽപുരയിലുള്ള പഴുതുകളിൽ കൂടി വീക്ഷിച്ചു തേവിയമ്മ എന്തെല്ലാമോ കുശലങ്ങൾ പറയുന്നുണ്ട്. ആ അമ്മയുടെ ശോകസങ്കലിതമായ കഥ കേൾക്കുവാൻ ശക്തിയില്ലാത്ത ചില താരങ്ങൾ, തങ്ങളുടെ പിന്നിലുള്ള നീല മറയുടെ ഉള്ളിലേക്കോടിപ്പോയി.

തേവിയമ്മക്കു തോന്നി തെക്കെവീട്ടിൽ എന്തോ ബഹളം നടക്കുന്നുണ്ടെന്ന്. ആരോ ഉച്ചത്തിൽ ശകാരിക്കുന്നു. തേവിയമ്മ എഴുന്നേറ്റു കൊച്ചുവേലുവിനെ വിളിച്ചു. അവന്റെ ശബ്ദമില്ല. അവന്റെ കിടക്കയിൽ ചെന്നുനോക്കി. അവനവിടെ ഇല്ല. അവൻ തെക്കേതിലെ വഴക്കുകേൾക്കാൻ പോയതായിരിക്കാം. തേവിയമ്മ മുററത്തിറങ്ങിനിന്നു ശ്രദ്ധിച്ചു. തെക്കിലെ കാരണവരുടെ ഒച്ചയാണു കേൾക്കുന്നതു്.

"ങ്ഹ, അഹങ്കാരം ഇത്ര മേലായാലോ. എല്ലാത്തിനുമുണ്ടൊരതിരു്. ങ്ഹും, കാലംകിടന്നുമറിയുന്നു. ബ്ഭ! ഉതണ്ടി! എരപ്പേ! മേലാൽ ഈ വേലിക്കകത്തെങ്ങാനും കണ്ടുപോയെങ്കിൽ അടിച്ചു് എല്ലൊടിച്ചുവിടും." തേവിയമ്മ അങ്ങോട്ടു ചെന്നു. കൊച്ചുവേലുവിന്റെ നേരെയാണു് കാരണവർ ശകാരം പറയുന്നതു്. അവൻ വിഷണ്ണനായി നില്ക്കുന്നു. കാരണവർ തേവിയമ്മയെ ഒന്നുററുനോക്കി. ഒരു സംഹാരമൂർത്തിയുടെ ഭാവമാണു് ആ മുഖത്തുകണ്ടതു്. അയാൾ പറഞ്ഞു: "എടീ! തേവി! നിന്റെ മകൻ അഹങ്കാരിയാണു്. ഈ പാതിരാത്രിസമയത്തു് അവനിവിടെ എന്തു കാര്യം!" തേവിയമ്മക്ക് പെട്ടെന്നു ഒരു ബുദ്ധിതോന്നി.

തേവിയമ്മ : "അവൻ പീടിവലിക്കാൻ അങ്ങേതിൽ തീയില്ലാഞ്ഞിട്ടു വന്നതാണ്. അതിനിങ്ങനെ കലമ്പിയാലൊ."

കാരണവൻ : ങ്ഹും ; പീടിവലിക്കാൻ. തീയില്ലാഞ്ഞിട്ടു. പെൺകുട്ടികൾ കിടന്നുറങ്ങുന്ന മുറിയിലാണൊ തീയിരിക്കുന്നതു്. പിന്നൊരുകാര്യം—കേട്ടോ! രാത്രി ഞാനൊന്നും ബഹളമുണ്ടാക്കുന്നില്ല. നാളെ വീട്ടിനു വെളിയിലെങ്ങാനും കണ്ടാലുണ്ടല്ലോ, അടിച്ചു മുട്ടൊടിച്ചുവിടും. മര്യാദയ്ക്കു നടന്നില്ലെങ്കിൽ തല്ലിപ്പല്ലു പറിച്ചുകളയും. വേണ്ടാ, വേണ്ട, ഇതൊന്നും ഈ വേലിക്കകത്തു നടപ്പില്ല. ഞാനൊള്ളപ്പം നടപ്പില്ല. അങ്ങുവെച്ചേരു്. കാരണവർദേഷ്യത്തിൽ വിറികൊണ്ടു താഴെ രണ്ടിടിച്ചു്, ഗൌരവത്തിൽ നാലു ചുമയും ചുമച്ചു തുള്ളിച്ചാടി തന്റെ മുറിയിലേക്കും, തേവിയമ്മയും കൊച്ചുവേലുവും വടക്കതിലേക്കുംപോയി.

*　　*　　*　　*

ഈയിടേ കൊച്ചുവേലുവിന്നു യാതോരു ഉന്മേഷവും ഇല്ല. അവന്നു ആരോടും ഒരു മിണ്ടാട്ടവും ഉരിയാട്ടവും ഇല്ലാ. മകന്റെ ഹൃദയവ്യഥയ്ക്കുള്ള കാരണം ചോദിച്ചു അവനെ പീഡിപ്പിക്കേണ്ട എന്നു തേവിയമ്മയും വിചാരിച്ചു.

ഒരുദിവസം രാവിലെ ചാക്കോമ്മന്റെ മകൻ കീവർതു് അവന്റെ പഴയ കൂട്ടുകാരനായ കൊച്ചുവേലുവിനെ കാണുവാൻവന്നു. ഒരു കൊല്ലത്തിന്നു മുമ്പു തേവിയമ്മ കണ്ട കീവർതല്ലായിരുന്നു അതു്. അവൻ തല ഭംഗിയായി ചീകിയൊതുക്കി, യൂറോപ്യൻ രീതിയിൽ ഡ്രസ്സു ചെയ്തിട്ടുണ്ട്. പോടിമീശയുണ്ട്. മേപ്പിൽ ഒരു പേഴ്സുണ്ട്. ആകപ്പാടെ ഒററനോട്ടത്തിൽ അവൻ പട്ടാളത്തിൽനിന്നു വന്നതാണെന്നു തേവിയമ്മ മനസ്സിലാക്കി.

കുറേനേരം കൊച്ചുവേലുവും കീവർതും ഓരോന്നിനെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. ഏതാനും ദിവസങ്ങളായി ആരോടുമൊന്നും മിണ്ടാതെ ഉന്മേഷരഹിതനായിരിക്കുന്ന മകൻ കൂട്ടുകാരനുമായി സംസാരിക്കുന്നതിൽ തേവിയമ്മയ്ക്കു സന്തോഷം തോന്നി. കോച്ചുവേലുവിനേയും കൂട്ടികൊണ്ടു കീവർതു വെളിയിലേക്കിറങ്ങിപ്പോയി.

ചന്തയിൽ പോകാൻ സമയമായി. കൊച്ചുവേലുവിനെ കാണുന്നില്ല. തേവിയമ്മ അവനെ തിരക്കിയപ്പോൾ ആരോ പറഞ്ഞു—"പുനലൂർ മുസ്സാവരി ബങ്ക്ളാവിൽവെച്ചു പട്ടാളത്തിലേക്കു തെരഞ്ഞെടുപ്പുണ്ടെന്നും, കൊച്ചുവേലു പട്ടാളത്തിൽ ചേരാൻ പോയെന്നും" ഹാ! തേവിയമ്മ, അവർക്കു തല കറങ്ങിത്തുടങ്ങി. മാറിൽ ഒന്നടിച്ചു. അവർ പിറുപിറുത്തു:—"എന്റെ നാരായണാ! പട്ടാളം—പട്ടാളത്തിൽ—എന്റെ കൊച്ചുവേലു—അയ്യോ! ആ കീവർതു് എന്റെ കുഞ്ഞിനെ ചതിച്ചു." തേവിയമ്മയെ കണ്ടാൽ ആർക്കും സഹതാപം തോന്നും. അവർക്കു ബോധക്ഷയമുണ്ടായി.

*　　*　　*

ചിങ്ങമാസം. ഓണത്തിന്റെ അത്തമാണ്. അയൽവീട്ടുകളിൽ അത്തപ്പൂവിടുന്നതിന്റെ കുരവ. കുട്ടികളുടെ ആർപ്പുവിളി. തേവിയമ്മയ്ക്കുണ്ടോ അത്തവും തിരുവോണവും! അവർ തിണ്ണയുടെ ഒരു മൂക്കിൽ കീറിയ താഴപ്പായുടെ കോണിൽ "നരനായിങ്ങിനെ ജനിച്ചുഭൂമിയിൽ—നരകവാരിധി നടുവിൽ ഞാൻ" എന്നിങ്ങനെ ഒരു പരഞ്ഞിയ രാഗത്തിൽ നാരായണ നാമവും ജപിച്ചു ചുരുണ്ടു മടങ്ങിയിരിക്കുന്നു. സാധു! അവർക്കു വയസ്സുകാലത്തു ഒരു കൂട്ടിനു്—ഒരു തുണയ്ക്കു—ഇന്നവിടെ ആരുമില്ല മുററത്തു കാററിൽ പറന്നുകൂടിയ മാവിൻകരയിലകളിൽ ചിതൽ ഇഴയുന്ന പരാപര ശബ്ദവും പുരയുടെ മേല്പുരയിൽ അരണകളും ഗൌളികളും സഞ്ചരിക്കുമ്പോൾ കൊഴിഞ്ഞു വീഴുന്ന പഴയോലയുടെ 'മരാമര' ധ്വനിയും ആ അമ്മയുടെ നാമജപത്തെ അനുകരിച്ചുകൊണ്ടിരുന്നു.

കിഴക്കുവശത്തെ പടിയിൽ ആരുടേയൊ ഒരു വിളികേട്ടു. "തേവിയമ്മ ഇവിടെ ഉണ്ടോ?" തേവിയമ്മ ഒന്നും മറുപടിപറയാതെ—"വലിയോരു കാട്ടിലകപ്പെട്ടേൻ ഞാനും—വഴിയും കാണാതേ ഉഴലുമ്പോൾ—എന്നു തന്റെ കീർത്തനജപത്തിൽതന്നെ ലയിച്ചു. വീണ്ടും "തേവിയമ്മ ഇവിടെ ഇല്ലേ : ഹേയ്, ഇവിടെ ആരുമില്ലേ!" തേവിയമ്മക്കു ദേഷ്യംവന്നു. "ഉണ്ട് എന്തുവേണം?" ഒരു കാക്കിയുടുപ്പുകാരൻ, തോളിൽ ഒരു സഞ്ചിയുംതൂക്കി അടുത്തേക്കു വരുന്നതാണ് തേവിയമ്മ കണ്ടതു്. തേവിയമ്മക്കു ഭയവായി. അവർ വിറച്ചു എഴുന്നേററു ഓടുവാൻ ശരീരത്തിനു ത്രാണിയുണ്ടായിരുന്നുവെങ്കിൽ തേവിയമ്മ ഓടിക്കളയുമായിരുന്നു. അവർ മുമ്പു കണ്ടിട്ടുള്ളതു ചില ക്രിമിനൽ കേസ്സുകളുടെ അന്വേഷണത്തിന്നു വരാറുള്ള കാക്കിക്കാരെയാണ്. അവ

രെ ഒരുതരം ഹിംസ്രജന്തുക്കളെപ്പോലെയാണ് ഇക്കാലത്തും തേവിയമ്മയുടെ നാട്ടുകാർ വീക്ഷിക്കുന്നതും, ഭയപ്പെടുന്നതും.

തേവിയമ്മ ധൈര്യമവലംബിച്ചു ആഗതനെ ഒന്നു സൂക്ഷിച്ചു നോക്കി. ക്രിമിനൽ കേസ്സുകൾ സംബന്ധിച്ചു കണ്ടിട്ടുള്ള കാക്കിക്കാരനും ആഗതനും തമ്മിൽ വേഷത്തിൽ ചില വ്യത്യാസങ്ങളുണ്ട്. തലയിൽ അഗ്രം കൂർത്തതും, മുൻഭാഗത്തു ശംഖുമുദ്രയോടുകൂടിയതുമായ തൊപ്പിക്കു പകരം, ചുവപ്പും കാക്കിയുമായ തുണികൊണ്ടു കെട്ടി, വാൽ കുറെ നീളത്തിൽ പിന്നിലേക്കിട്ടിട്ടുള്ള ഒരു തലയിൽക്കെട്ടാണ് അയാൾ ധരിച്ചിരിക്കുന്നത്. അരയിൽ ഗദയെ വഹിക്കുന്ന ബൽററില്ല. മർദ്ദന സന്നദ്ധമായ മനസ്ഥിതിയെ ദ്യോതിപ്പിക്കുന്ന മുഖഭാവത്തിനുപകരം അയാളുടെ മുഖത്തിൽ ആരിലും പരിചയഭാവവും, അനുകമ്പയും, വിനയവും കലർന്ന ഒരു രസമാണുള്ളത്. ആകയാൽ തേവിയമ്മയുടെ ഭയം ഒട്ടു ശമിച്ചു.

ആഗതൻ : അമ്മേ! അമ്മ തന്നെയോ തേവിയമ്മ ?

തേവിയമ്മ : ആന്നു മോനെ. ഈ കർമ്മദ്രോഹിയായ മുതുക്കിതന്നാണു മോനെ തേവിയമ്മ. കുഞ്ഞേ! കാലനും മറന്ന തേവിയമ്മ. നാരായണാ! മോനെ; നിനക്കും അമ്മയും അമ്മൂമ്മയും ഒക്കെ ഒണ്ടല്ലൊ. ഈ കെളവിയെ—ആരുമില്ലാത്ത മുതുക്കിയെ, ഒന്നും ചെയ്യല്ലെ മോനെ. എന്റെ കുഞ്ഞു, കൊച്ചുവേലു അഞ്ചാറു മാതം മുമ്പൊരു രാത്രി അവിടെ തീയിടുചെന്നതല്ല്യോ. അതിനു് ആ ദ്രോഹി—എന്റെ മോനെ, മോനാണു് ഇതു കള്ളക്കേതാണ്. നേരു ദൈവത്തിനല്ലാതാർക്കു തെരിയും? അയ്യോട! നാരായണ, ഇതു കള്ളക്കേതാണു മോനെ.

ആഗതൻ : (അനുകമ്പാപൂർവ്വം) "അമ്മൂമ്മ ഒന്നും ഭയപ്പെടേണ്ട. ഞാൻ കേസ്സിനും മററും വന്നതല്ല. ഞാൻ പോലീസ്സുകാരനുമല്ലാ. അമ്മയുടെ മകൻ വേലായുധൻ നായരുടെ ഒരു മണിയാഡറും എഴുത്തുമുണ്ട്." തേവിയമ്മ ഒന്നു നിശ്വസിച്ചു. മാറു ത്വരിതഗതിയിൽ സ്പന്ദനം ചെയ്തു. അവർ ഒരു നൂറു സുന്ദര സ്വപ്നങ്ങൾ ഒരുമിച്ചുകണ്ടു. അവരുടെ നാവു വരണ്ടു. കുറെനേരത്തേക്കു സംസാരിക്കുവാൻപോലും കഴിഞ്ഞില്ലാ.

കത്തു പോസ്ററു പ്യൂൺ തന്നെ തേവിയമ്മയെ വായിച്ചു കേൾപ്പിച്ചു. തേവിയമ്മ ആനന്ദബാഷ്പം പൊഴിച്ചു. പോസ്ററുമെൻ കൊടുത്ത ഒരു ഫാറത്തിൽ തേവിയമ്മ ഇടതു കൈയുടെ തള്ളവിരൽ പതിച്ചു. എൺപതു രൂപാ—എട്ടു പത്തുരൂപാ നോട്ടുകൾ—തേവിയമ്മയ്ക്കു കിട്ടി. തേവിയമ്മ അതു കണ്ണിൽ ചേർത്തു മുകർന്നു. ഇത്തരം പത്തുരൂപാ നോട്ടുകൾ അവർ വളരെക്കാലമായി കണ്ടിട്ട്. കൊച്ചുവേലുവിന്റെ പിതാവു മരിച്ചതിൽപിന്നെ അവക്കതു പുത്തനാണ്. "കീവർത്തച്ഛൻ നല്ല കുട്ടി. അവന്റെ കാലിൽ ഒരു മുള്ളുപോലും കൊള്ളാതിരിക്കട്ടെ."

തേവിയമ്മ ഒരു പുതിയ മുണ്ടു വാങ്ങി. പുര ഒന്നു കെട്ടി മേയിച്ചു. ഇക്കൊല്ലം അവക്കും ഓണം ഉണ്ടായിരുന്നു.

II

പതിനൊന്നേക്കർ മലമ്പുരയിടവും വടക്കെ ചരുവിലെ ഇരുപത്തിനാലു പറക്കണ്ടവും, അതിന്റെ പത്തു കൊല്ലത്തെ ആദായസഹിതം തേവിയമ്മയ്ക്കുകിട്ടി. തേവിയമ്മ പണക്കാരിയായി. നിരക്ഷരകുക്ഷിയും പച്ചപ്പാവവുമായ തേവിയമ്മയെ ചതിച്ചു, അവരുടെ സ്വത്തപഹരിച്ച കൈമ്മൾ ഇന്നു ശിക്ഷയനുഭവിക്കുന്നു. അയാൾ ജയിലിലാണ്. അതേ—കൊച്ചുവേലു, തന്റെ ക്യാപ്ററന്റെ സഹായത്തോടുകൂടി ബ്രിട്ടീഷ് ഗവമ്മേണ്ടു മുഖാന്തിരം, "ഇൻഡ്യൻ സൈനിക പരിരക്ഷണ ചട്ടം" മനുസരിച്ചു തങ്ങളുടെ നഷ്ടപ്പെട്ട സ്വത്തിനു് സിവിലും ക്രിമിനലുമായ നടപടികൾ എടുത്തു. യാതൊരു പണച്ചെലവും കൂടാതെ പൂർണകരമായ വിധി സമ്പാദിച്ചു. ഒരൊററ ദിവസം കോടതിയിൽ മൊഴി കൊടുക്കുവാൻ പോയതല്ലാതെ തേവിയമ്മ നടന്നു ബുദ്ധി മുട്ടിയതുമില്ലാ.


തേവിയമ്മയെ ഇപ്പോൾ എല്ലാവക്കും ഭയമാണ്. അവർ അമ്പത്തിഏഴാമത്തെ വയസ്സിലേക്കു വീണ്ടും തിരിച്ചെത്തി. തേവിയമ്മയ്ക്കു ഇന്നാരും നൂററമ്പതു വയസ്സു മതിക്കയില്ല. നല്ല പ്രസരിപ്പുള്ള ഒരു തൈക്കിഴവിയാണവൾ.

തേവിയമ്മയ്ക്കു ഇനി ഒരാശകൂടിയുണ്ട്. തന്റെ സർവ്വ അഭ്യുന്നതിക്കും നിദാനമായ ഓമന മകനെ—കൊച്ചു വേലുവിനെ ഒന്നു കാണണം. പട്ടിണിയുടെ കരാളദംഷ്ട്രകൾക്കിടയിൽപ്പെട്ടു ചതഞ്ഞു, കീറത്തുണിയിൽ പൊതിയപ്പെട്ട അസ്ഥിമാത്രശരീരനല്ലാതെ—തടിച്ചു കൊഴുത്ത്, വിലകൂടിയ വസ്ത്രങ്ങളണിഞ്ഞ് പുഞ്ചിരിതൂകുന്ന ഒരു കൊച്ചു വേലുവിനെ ഒന്നു കണ്ടു കൺകുളുർപ്പിക്കുവാൻ ആ അമ്മയ്ക്കു തിടുക്കമുണ്ട്. അവർ അതിനു വേണ്ടി സന്ധ്യയ്ക്കും പ്രഭാതത്തിലും ഉള്ളഴിഞ്ഞ ഭക്തിയോടുകൂടി ഈശ്വരഭജനം ചെയ്യാറുണ്ട്—"പച്ചക്കല്ലൊത്ത തിരുമേനിയും നിന്റെ—വിച്ചക്കളികളും കാണുമാറാകണം," എന്ന്.

രാവിലെ ഈശ്വര ഭജനം കഴിഞ്ഞു തേവിയമ്മ തന്റെ കൃഷിപ്പറമ്പുകളും, നെൽപ്പാടങ്ങളും പരിശോധിച്ചു മടങ്ങിവന്നു കഞ്ഞി കുടിച്ചുകൊണ്ടിരിക്കയാണ്. അവിചാരിതമായി ഒരു 'റിക്ഷാ' പടിക്കൽ വന്നു നിന്നു. തേവിയമ്മ ഒന്നു പരിഭ്രമിച്ചു. ഒരു പരിഷ്കൃതനായ യുവാവ് "അമ്മേ" എന്നു വിളിച്ചുകൊണ്ടു റിക്ഷായിൽ നിന്നും താഴെയിറങ്ങി. തേവിയമ്മ!—അവർ കുടിക്കുവാനെടുത്ത കഞ്ഞി താഴെ വീണു. അവർ രോമാഞ്ചപ്പുളകമണിഞ്ഞു. താൻ ഭൂമിയിലോ സ്വർഗ്ഗത്തിലോ നില്ക്കുന്നതെന്നവർക്കറിഞ്ഞുകൂടാ. ഇങ്ങനെയൊരു സുന്ദരസ്വപ്നം ഇതിനു മുമ്പു തേവിയമ്മ കണ്ടിട്ടില്ലാ. കൊച്ചുവേലു ഓടി അടുത്തെത്തി. ആ മാതാവും പുത്രനും സ്നേഹപൂർണ്ണമായ ഒരാലിംഗനം ചെയ്തു. അവർ ആനന്ദാശ്രു പൊഴിച്ചു. യഥാർത്ഥ മാതൃപുത്രബന്ധത്തിന്റെ പരിപാവനത്വം കാണേണ്ടതായിരുന്നു!

* * *

കൊച്ചുവേലു വിവാഹം ചെയ്തു, തെക്കേതിലെ ഗൌരിക്കുട്ടിയെ. ഈ വിവാഹം തേവിയമ്മയ്ക്കു അത്ര ഇഷ്ടമായിട്ടില്ല. എന്തുകൊണ്ടു?—അവൾക്കു കൊച്ചുവേലുവിനോളം സ്വത്തില്ല."



നഗോയയിലെ ബോംബെറിയപ്പെട്ട വിമാന നിർമ്മാണശാലകൾ.




ടോക്കിയോ, ആകാശത്തിൽനിന്നെടുത്ത ചിത്രം.

# ബർല്ലിനിലേയ്ക്കുള്ള ജൈത്രയാത്രകൾ



ബെല്ലിനിലേക്കു കുതിക്കുന്ന റഷ്യൻ സേനാധിപതി മാർഷൽ ഷൂക്കോവ്



ചുവപ്പുസേന ഈസ്റ്റ് പ്രഷ്യയിൽ പുരോഗമിക്കുന്നു



മാർഷൽ കൊണീവിനുള്ള സമ്മാനം—മോസ്കോവിൽവെച്ച് ഒരു കൎഷകസ്ത്രീ മാർഷൽ കൊണീവിന്നു പഴയ ആചാരപ്പടി ഉപ്പും റൊട്ടിയും നൽകുന്നു. മാർഷൽ കൊണീവ് ഒന്നാം ഉക്രേനിയൻ സേനയുടെ അധിപനാണ്. അദ്ദേഹത്തിന്റെ സേനകളും ബെല്ലിനെ ലക്ഷ്യംവെച്ച് മുന്നോട്ടു പായുകയാണ്.

സമരഗാനം നമ്പർ 4

# നിങ്ങളുടെ വിജയം നീണാൾ വാഴട്ടെ!

(ഇ. നാരായണൻ നായർ, മാവിലായി.)

(സ്വാതന്ത്ര്യഭാരതനൂതനചരിതം......)

ധീരതയെഴുമാ ചെമ്പട, ജമ്മൻ
ക്രൂരമൃഗങ്ങളോടേററടരാടാൻ,
ജമ്മൻറീഷിന്നുള്ളിൽതന്നെ
ബെർളിൻനഗരം ലക്ഷ്യമതാക്കി.
പോകും ധീരരേ! റഷ്യൻ പുത്രരേ!
പൂകും നിങ്ങൾ ജയശ്രീതന്നെ
അത്ഭുതപൂർവ്വം നിങ്ങടെ സൈനിക
ശക്തിയെ ലോകം നോക്കികാൺമൂ!
ശത്രു ചമക്കും പ്രതിരോധങ്ങൾ
തത്ര തകർത്തു തരിപ്പണമാക്കി
ഏററമുക്ഷാരിൽ മുന്നോട്ടേക്കായ്
നോക്കിഗമിക്കും പടയേ നോക്കൂ!
ഫാസിസഭരണത്തിന്നടിമത്വം
ഭേസിയ യൂറോപ്യൻ രാജ്യങ്ങൾ
ഇററലി, ഗ്രീസ്സും, യൂഗോസ്ലേവ്യ,
തത്ര റുമേനിയ, യസ്തോണിയയും,
ലാററിവ്യ, ലിത്വാനിയ, പോളണ്ടും,
ഏററടരാടി സ്വാതന്ത്ര്യതനേടി
ക്രൂരോടവരുടെ സ്വാതന്ത്ര്യത്തിൻ
ചേരിയിലാരൊരുമിച്ചുണ്ടായി,
ധീരതയെഴുമാ ചെമ്പട, ജമ്മൻ
ക്രൂരമൃഗങ്ങളോടേററടരാടി.
ലോകജനാവലിതൻ സ്വാതന്ത്ര്യം
ചെങ്കൊടിയൊപ്പമുയർത്തും ഭടരേ!
നിങ്ങടെ വിജയം നീണാൾ വാഴാൻ
ഞങ്ങളിതാ കൈകൂപ്പീടുന്നേൻ!!

- ശുഭം -

# 5,000 ക. സമ്മാനം

## ശത്രുവിന്റെ ചാരന്മാരെ പിടിച്ചുകൊടുക്കുന്നവർക്ക്

ശത്രുവിന്റെ ചാരനെന്ന നിലയിൽ ശിക്ഷാർഹനാവുന്നതോ, ശത്രുവിന് സഹായങ്ങൾ നൽകിയെന്നു തെളിയുന്നതോ ആയ ഒരാളെ നിങ്ങൾ പിടിച്ചുകൊടുക്കുന്നപക്ഷം നിങ്ങൾക്കു 5,000 ക. സമ്മാനം ലഭിക്കുന്നതാണ്.

അങ്ങിനെയുള്ള ഒരു ചാരനെ പിടിക്കുന്നതിന്നു ഉതകുന്ന വിവരങ്ങൾ നൽകുന്നവർക്കു 1,000 ക. സമ്മാനം നൽകപ്പെടുന്നതാണ്.


## നിങ്ങൾ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുക:

1. സംശയാസ്പദമായ കപ്പൽഗതാഗതങ്ങൾ,
2. സംശയിക്കപ്പെടുന്ന ആളുകളേയൊ, അന്യന്മാരേയൊ, കടൽത്തീരത്തിൽ കാണപ്പെടുന്നതു്,
3. ഐക്യരാഷ്ട്രങ്ങളുടേതല്ലാത്ത കപ്പലിൽനിന്നോ, വിമാനത്തിൽനിന്നോ, പാരച്യൂട്ട് വഴിക്കോ ഏതെങ്കിലും ആളുകളോ സാമാനങ്ങളോ വരുന്നതു അടുത്ത പോലിസുദ്യോഗസ്ഥൻ വശമോ, ഗ്രാമത്തലവൻ വശമോ, പോലീസ് സ്റ്റേഷനിലോ വിവരം അറിയിക്കുക.

## സമ്മാനവിവരണം

വിമാനസേന, പട്ടാളം, കടൽസേന ഇവയിൽപെട്ട ഭടന്മാർക്കും, ഗസറ്റഡ് ഉദ്യോഗസ്ഥന്മാർക്കും ചില വിശേഷ പരിതസ്ഥിതികളിലൊഴികെ, സമ്മാനം കിട്ടുന്നതായിരിക്കയില്ല.

പരാജയത്തെ അഭിമുഖീകരിക്കുന്ന ശത്രു പല 'പരാക്രമങ്ങളും' പ്രദർശിപ്പിക്കും. അവർ ചാരന്മാരെ ഈ നാട്ടിലേക്കു അയച്ചാൽ, അവരുടെ സംരംഭങ്ങൾ നശിപ്പിക്കുന്നതിന്നു നിങ്ങൾ സഹായിക്കണം. എന്നാൽ നിങ്ങൾക്കു നല്ല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യും.



ഒരു ബ്രിട്ടീഷ് വിമാനവാഹിനിക്കപ്പൽ താവളമാക്കി, സുമാത്രയിലുള്ള എണ്ണഖനികളിൽ കഴിഞ്ഞ മാസത്തിൽ ബോമ്പുവർഷിച്ച വിമാനങ്ങളിലൊന്ന്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.